Deivarajyam May 2016
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/5/2016
● Posted at Thodupuzha Stg.
Annual Subscription 100.00



Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

EPARCHY OF KOTHAMANGALAM

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

LOVE NEVER ENDS

വാല്യം 55
മെയ് 2016
ലക്കം 5





നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട
രൂപത ജൂഡീഷ്യൽ വികാരി
പെരി. ബഹു. മാത്യു വലിയമറ്റം അച്ചന്
രൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ




2016 ഏപ്രിൽ 13–ാം തീയതി
അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ്
കൂദാശാകർമ്മം നിർവഹിച്ച
മുളപ്പുറം സെന്റ് ജൂഡ് ദൈവാലയം.

# ദൈവരാജ്യം

EPARCHY OF KOTHAMANGALAM

LOVE NEVER ENDS



*Patron*

**Mar George Madathikandathil**

Bishop of Kothamangalam

*Editor, Printer & Publisher*

**Rev. Dr. George Thekkekara**



**വാല്യം 55**

**മെയ് 2016**

**ലക്കം 5**



The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com


## ഉള്ളടക്കം


| | പേജ് |
|---|---|
| രൂപതക്കച്ചേരി | 5 |
| മൈനർ സെമിനാരി | 13 |
| വിജ്ഞാനഭവൻ | 15 |
| വിദ്യാഭ്യാസം | 17 |
| ചെറുപുഷ്പമിഷൻലീഗ് | 19 |
| കെ.സി.എസ്.എൽ. | 20 |
| ദീപിക ഫ്രണ്ട്സ് ക്ലബ് | 21 |
| സോഷ്യൽ സർവീസ് | 22 |
| യുവദീപ്തി | 23 |
| ജീസസ് യൂത്ത് | 25 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 26 |
| മാതൃവേദി | 27 |
| എ.കെ.സി.സി. | 28 |
| എമ്മാനുവേൽ ധ്യാനകേന്ദ്രം | 29 |
| പ്രാർത്ഥനാഗ്രൂപ്പ് | 30 |
| സിംഗിൾസ് അപ്പോസ്റ്റലേറ്റ് | 31 |
| അല്മായ ഫ്രാൻസിസ്കൻ സഭ | 31 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി | 32 |
| നെസ്റ്റ് പ്രോഗ്രാം | 33 |
| വാർത്തയും വിശേഷങ്ങളും | 34 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 35 |
| ബിഷപ്സ് പ്രോഗ്രാം | 39 |
| പ്രാർത്ഥനയിൽ ഓർക്കാം | 40 |
| നിര്യാതരായി | 40 |




## ഓർമ്മിക്കാൻ

### മെയ്

| | | |
|---|---|---|
| 4-6 | - | Pre-Marriage Course |
| 7-9 | - | വളർച്ചാധ്യാനം |
| 9-11 | - | Major Seminarians' Gathering |
| 11 | - | വൈദികവസ്ത്രസ്വീകരണം |
| 15 | - | സൺഡേസ്കൂൾ രണ്ടാം സെമസ്റ്റർ സേ പരീക്ഷ |
| 18-20 | - | Pre-Marriage Course |
| 27-30 | - | ജീവിതദർശൻ ധ്യാനം |

### തിരുനാളുകൾ

| | | |
|---|---|---|
| 01 | : | തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് |
| 02 | : | വി. അത്തനേഷ്യസ് |
| 03 | : | വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ |
| 05 | : | നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം |
| 06 | : | വി. ഡൊമിനിക് സാവിയോ |
| 14 | : | വി. മത്തിയാസ് ശ്ലീഹാ |
| 15 | : | പന്തക്കുസ്താ തിരുനാൾ |
| 22 | : | പരി. ത്രിത്വത്തിന്റെ തിരുനാൾ |
| 26 | : | പരി. കുർബാനയുടെ തിരുനാൾ |
| 31 | : | പരി. കന്യകാമറിയത്തിന്റെ സന്ദർശനം |

# രൂപതക്കച്ചേരി

*C. 36 /2016* **കൃതജ്ഞത**

നാമഹേതുക തിരുനാളിനോടനുബന്ധിച്ച് തിരുനാൾ ആശംസകൾ നേരുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവർക്കും ഹൃദയപൂർവം നന്ദി പറയുന്നു.

Bishop

*C. 37/2016* **മാതൃദിനം**

മെയ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് മാതൃദിനം. മാതൃത്വത്തിന്റെ മഹത്വത്തെപ്പറ്റി മാതാക്കളെ ബോധവതികളാക്കുന്നതിനും മക്കൾക്ക് അമ്മമാരോടുള്ള സ്നേഹബഹുമാനങ്ങൾ പ്രകടമാക്കുന്നതിനും യോജിച്ച വിധത്തിൽ പരിപാടികൾ ഇടവകയിൽ ആസൂത്രണം ചെയ്യുമല്ലോ.

Bishop

*C. 38/2016* **വൈദികരുടെ സ്ഥലമാറ്റം**

നമ്മുടെ രൂപതയിലെ വൈദികരുടെ സ്ഥലംമാറ്റത്തിന്റെ ലിസ്റ്റ് 2016 മെയ് 5-ാം തീയതി വ്യാഴാഴ്ച രൂപതാ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അതിനുമുമ്പ് ട്രാൻസ്ഫർ ഓർഡർ മെയിൽ ചെയ്യും. വികാരിയച്ചന്മാരും സ്ഥാപനങ്ങളിലുള്ളവരും മെയ് 21-ാം തീയതിക്കുമുമ്പും കൊച്ചച്ചന്മാർ മെയ് 28-ാം തീയതിയ്ക്കു മുമ്പും ചാർജ് എടുക്കേണ്ടതാണ്.

Bishop

*C. 39/2016* **എല്ലാ വീടുകളിലും ഒരു ദീപിക**

ദീപികയ്ക്ക് ഇടവകയും കുടുംബങ്ങളും നൽകിവരുന്ന പ്രോത്സാഹനത്തിന് നന്ദി പറയുന്നു. "എല്ലാവീടുകളിലും ഒരു ദീപിക" എന്ന ലക്ഷ്യം സാധ്യമാക്കുവാൻ ജൂൺമാസം മുതൽ DFC രൂപതാ ഡയറക്ടർ മറ്റ് ഭാരവാഹികളോടൊപ്പം ഇടവകതോറും സന്ദർശനം നടത്തുന്നതാണ്. ആവശ്യമായ ക്രമീകരണങ്ങളും സഹായസഹകരണങ്ങളും ബഹു. വികാരിയച്ചന്മാർ ചെയ്തുകൊടുക്കണമെന്ന് താല്പര്യപ്പെടുന്നു.

Bishop

*C. 40/2016* **നവവൈദികന് അഭിനന്ദനങ്ങൾ**

28-04-2016-ന് ചെപ്പുകുളം സെന്റ് തോമസ് പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ കൈവയ്പ്പുവഴി ശുശ്രൂഷപൗരോഹിത്യം സ്വീകരിച്ച ഫാ. ജോൺ വടക്കന് രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.



Syncellus

*C.41/2016* **വൈദികവസ്ത്ര സ്വീകരണം**

നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന എടത്തല ജോർജ്, കൊച്ചുപുത്തൻപുരയിൽ ജോസഫ്, കുന്നത്ത് സ്ക്കറിയ, മഠത്തിൽ ജോസഫ്, നെടുങ്ങാട്ട് ജോർജ്, പാറേമ്മാൻ പീറ്റർ, വടക്കേടത്ത് ജോസഫ്, വള്ളോംകുന്നേൽ ജോസഫ്, വെള്ളാംകുന്നേൽ എമ്മാനുവേൽ എന്നിവർ മെയ് 11-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് കോതമംഗലം കത്തീഡ്രലിൽവച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽനിന്ന് വൈദികവസ്ത്രം സ്വീകരിക്കുന്നു. റീജൻസിക്കാലത്ത് ഇവർ ചെയ്ത സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. ഇവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

Syncellus

*C.42 /2016* **മുളപ്പുറം സെന്റ് ജൂഡ് ദൈവാലയത്തിന്റെ കൂദാശകർമ്മം**

മുളപ്പുറം സെന്റ് ജൂഡ് പള്ളിയുടെ കൂദാശകർമ്മം 2016 ഏപ്രിൽ 13 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിച്ചു. ദൈവാലയ നിർമ്മാണത്തിനായി കഠിനാദ്ധ്വാനം ചെയ്ത എല്ലാ ഇടവകജനങ്ങൾക്കും ത്യാഗപൂർവം നേതൃത്വം നൽകിയ വികാരി ബഹു. ജയിംസ് പനച്ചിക്കൽ അച്ചനും സഹകാരികളായിരുന്ന കൈക്കാരന്മാർക്കും കമ്മിറ്റിക്കാർക്കും പ്രത്യേകം അഭിനന്ദനങ്ങൾ നേരുന്നു.

Syncellus

*C.43 /2016* **Monthly Recollection for Priests**

***Topic for discussion in June***

Read in common Nos. 535 - 546 of the Catechism of the Catholic Church.

Syncellus

*C. 44 /2016* **അല്മായ തിയോളജി കോഴ്സ്**

മെയ് 21-ന് തുടങ്ങി എല്ലാ ശനിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3.00 മണി മുതൽ 7.00 മണി വരെ നെസ്റ്റിൽ വച്ച് അല്മായർക്കായി, പ്രത്യേ

കിച്ച് വിശ്വാസപരിശീലകർക്കായി, ദൈവശാസ്ത്ര കോഴ്സ് നടത്തുന്നു. പങ്കെടുക്കുന്നവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.

NB വികാരിയച്ചന്മാർ പള്ളിയിൽ അറിയിക്കാൻ താല്പര്യപ്പെടുന്നു. മുകളിൽ പറഞ്ഞ പരിപാടികൾക്കായി പേര് രജിസ്റ്റർ ചെയ്യുന്നതിന് താഴെ പറയുന്ന ഫോൺ നമ്പറുകളിൽ വിളിക്കുകയോ E-mail അയയ്ക്കുകയോ ചെയ്യാവുന്നതാണ്.
Ph. 0485 2830033, 9495011191, 9142588488
E-mail: nesttdirector@gmail.com

*Syncellus*

### *C. 45 /2016* പരമ്പരാഗത ശൈലിയിൽ ക്രിസ്തീയ പക്വതയിലേക്ക് ഒരു വളർച്ചാധ്യാനം

മൂവാറ്റുപുഴ നെസ്റ്റിൽ മെയ് 7-ാം തീയതി ശനിയാഴ്ച രാവിലെ 9.00 മണിക്ക് ആരംഭിച്ച് 9-ാം തീയതി വൈകുന്നേരം 4.00 മണിക്ക് സമാപിക്കുന്നു. രൂപതയിലെ പരിചയസമ്പന്നരായ ബഹു. വൈദികരാണ് ധ്യാനം നയിക്കുന്നത്. പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.

NB വികാരിയച്ചന്മാർ പള്ളിയിൽ അറിയിക്കാൻ താല്പര്യപ്പെടുന്നു.
Ph. 0485 2830033, 9495011191, 9142588488
E-mail: nesttdirector@gmail.com

*Syncellus*

### *C. 46 /2016* രൂപതാഡയറക്ടറി

2016-2017 വർഷത്തെ രൂപതാഡയറക്ടറി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൽ വരുത്തേണ്ട തിരുത്തലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ഉടൻതന്നെ രൂപതക്കച്ചേരിയിൽ അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു.

അയയ്ക്കേണ്ട വിലാസം : The Eparchial Curia, Bishop's House
P.B. No. 6, 686 691, Kothamangalam
E-mail : bishophouseklm@gmail.com

*Chancellor*

### *C. 47 /2016* Syro Malabar Mission Sunday Collection

| Sl. No. | Name | Amount | Sl. No. | Name | Amount |
|---|---|---|---|---|---|
| 1 | Arakuzha | 25000 | 3 | Cathedral | 85000 |
| 2 | Ayavana | 5500 | 4 | Chalassery | 6350 |



| | | | | | |
|---|---|---|---|---|---|
| 5 | Cheppukulam | 2000 | 19 | Paingottoor | 10000 |
| 6 | Chilavu | 5000 | 20 | Pallickamury | 6500 |
| 7 | Kaithapara | 2000 | 21 | Parapuzha | 5000 |
| 8 | Kuthumkal | 1500 | 22 | Peringuzha | 12000 |
| 9 | Mailacombu | 8500 | 23 | Perumpallichira | 5000 |
| 10 | Malayinchi | 3045 | 24 | Pothanikad | 5000 |
| 11 | Meenkunnam | 7010 | 25 | Randar | 15115 |
| 12 | Muthalakodam | 59610 | 26 | Thazhuvumkunnu | 10000 |
| 13 | Muvattupuzha East | 5000 | 27 | Thodupuzha East | 10000 |
| 14 | Nadukara | 1200 | 28 | Thommankuth | 5000 |
| 15 | Nediakad | 22310 | 29 | Thrikariyoor | 750 |
| 16 | Neendapara | 1500 | 30 | Urulanthanny | 7425 |
| 17 | Nellikuzhi | 8000 | 31 | Velielchal | 20000 |
| 18 | Nellimattam | 42000 | | | |

*Finance Officer*

### *JS.3/2016* ജൂബിലി സ്മാരക സ്കോളർഷിപ്പ്- യോഗ്യതാ പരീക്ഷ

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിനുള്ള യോഗ്യതാപരീക്ഷ 2016 മെയ് 14-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12 മണിവരെ കോതമംഗലം ബിഷപ്സ് ഹൗസിൽ വച്ച് നടത്തപ്പെടുന്നു. പേരു നൽകിയിരിക്കുന്ന കുട്ടികൾ കൃത്യസമയത്ത് എത്തിച്ചേരേണ്ടതാണ്. ചോദ്യപേപ്പറിൽത്തന്നെ ഉത്തരങ്ങൾ എഴുതാവുന്ന വിധത്തിലാണ് പരീക്ഷ. പരീക്ഷാവിഷയങ്ങൾ: Sunday School Texts- Standards IX, X, XI, XII, പൊതുവിജ്ഞാനം. ബ. വികാരിയച്ചന്മാർ ഈ വിവരം ഇടവകകളിൽ അറിയിക്കുമല്ലോ.

*Secretary*

### *Pr.C. 3/2016* Report of the Presbyteral Council held on Tuesday, April 12, 2016

An ordinary meeting of the Presbyteral Council was held on Tuesday 12 April 2016 at the Bishop's House. H.E. Bishop Mar George Madathikandathil presided over the meeting. Twenty eight members participated. The meeting started with a prayer at 10. 00 a.m. V. Rev. Mgr. George Oliapuram welcomed the participants. The report of the previous meeting was read out and it was passed. During the introductory

talk the President recalled the demise of Fr. George Kanjirakombil, a member of the presbyteral council, and all prayed for him. A warm welcome was given to the new member Fr. Mathews Nandalath who took the place of Fr. George Kanjirakombil as per the statutes. After the introductory talk the President introduced the topics of the agenda.

The first topic on the agenda was the Major Archiepiscopal Assembly to be held on 25-28 August 2016. The President referred to the themes of the Assembly, i.e., Simplicity in the Church and in Personal Life, Christian Witness in the Family and the Mission of the Migrants and called the attention of the participants to express their opinions regarding the mode of discussion of the *lineamenta* to be conducted in the parishes. The majority favored the opinion that the Family Apostolate unit leaders, the parish council members and the leaders of pious associations might be convened for discussion so that optimum result might be obtained.

Following this, an evaluation on the implementation of the directives formerly given in connection with the celebration of feasts was made. Most of the members appraised that the directives to make the parish feast simple and more spiritual was accepted whole heartedly by the faithful. They added that they could channelize the income saved for charity purposes.

Administration of the Charity Fund was the next topic for discussion. The President reminded the members of the report on the distribution of Charity Fund to be given to the Finance office together with the *thirattu.* One member pointed out the legal problems involved in keeping a separate account for the Charity Fund. To the query whether a separate account was needed for Charity Fund, the President replied that it was enough to keep a separate account with a separate head and no separate bank account was needed.

Next topic for discussion was the new accounting soft-ware almost ready for preparing parish accounts. Some of the members pointed out the difficulties in using it and opined that the software should be more user-friendly. The President directed the Finance officer to resolve the



difficulties asking the persons concerned to update the software after more consultation and due deliberation.

The president then proposed the members to encourage pilgrimage within the eparchy in the Holy Year of Mercy. A discussion was made on reviving the ancient practice of pilgrimage on foot to *Malekurisu*. The President read out a letter written in 1958 by the former bishop H.E. Mar Mathew Pothanamuzhy on his own experience while taking part in such a pilgrimage. The members accepted the proposal gladly.

His Excellency then sought the opinion of the council regarding the concelebration of all the priests of the eparchy while the Myron is blessed in the Holy Week. Considering the confessions in the Holy Week Monday was proposed to be apt for that service. There was not a single dissenting opinion regarding this proposal and it was concluded that the matter be presented before the presbyterium in order to get the support of all the parish priests.

Another matter put forward for discussion was the preparation for new converts to Christian faith. It was observed that though the parish priests as a rule prepare the candidates well, there were occasions in which they might be coerced to make a speedy procedure, especially in cases of register marriage. The proposal to require at least one month's preparation was acceptable to all.

His Excellency thanked all the parish priests for their whole hearted cooperation for establishing DFC units in all parishes and urged the members to encourage and support Deepika, promoting the activities of Deepika Friends' Club (DFC).

The president then thanked the members for their presence and active participation and with the concluding message and prayer, the meeting came to an end by 1.00 pm.

*Secretary*

*PC.3/2016* **പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ഏപ്രിൽ 16, 2016**

രൂപത അജപാലനസമിതിയുടെ 2016-ലെ പ്രഥമസമ്മേളനം 2016

ഏപ്രിൽ മാസം 16-ാം തീയതി ശനിയാഴ്ച ബിഷപ്സ് ഹൗസിൽ നടന്നു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ 78 പേർ പങ്കെടുത്തു.

റവ. സി. ഗ്ലോറി CMC നയിച്ച പ്രാർത്ഥനയോടെ രാവിലെ കൃത്യം 10.00 മണിക്ക് യോഗം ആരംഭിച്ചു. രൂപതാ ചാൻസിലറും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുമായ ഫാ. ജോർജ് തെക്കേക്കര ഏവരെയും സ്വാഗതം ചെയ്യുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ആമുഖപ്രഭാഷണം നടത്തിയ യോഗാദ്ധ്യക്ഷൻ പരിശുദ്ധ പിതാവിന്റെ പുതിയ സിനഡാനന്തര അപ്പസ്തോലിക പ്രബോധനമായ "സ്നേഹത്തിന്റെ ആനന്ദ"ത്തെ പരാമർശിച്ചുകൊണ്ട് കുടുംബങ്ങൾ സുവിശേഷാനുസൃതമായ ജീവിതം നയിക്കണമെന്നും വിശ്വാസം കുടുംബങ്ങളിലും സമൂഹത്തിലും ആഴപ്പെടണമെന്നും ഓർമ്മിപ്പിക്കുകയും ചർച്ചചെയ്യേണ്ടതായ വിഷയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

2016 ആഗസ്റ്റുമാസം 25 മുതൽ 28 വരെ നടക്കുന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾ മോൺ. ജോർജ് ഓലിയപ്പുറം അവതരിപ്പിച്ചു. ലാളിത്യം സഭയിലും വ്യക്തിജീവിതത്തിലും, കുടുംബങ്ങളിലെ ക്രൈസ്തവസാക്ഷ്യം, പ്രവാസികളുടെ ദൗത്യം എന്നിവയായിരുന്നു വിഷയങ്ങൾ. ലാളിത്യമെന്നത് ഭാരരഹിതമായി ജീവിക്കുന്നതിനുള്ള ഭാവനാസമ്പന്നതയാണെന്നും, ആഘോഷങ്ങളല്ല ആർഭാടങ്ങളാണ് ഒഴിവാക്കേണ്ടതെന്നും മോൺ. ഓലിയപ്പുറം ഓർമ്മിപ്പിച്ചു. ലാളിത്യം ശൂന്യത സൃഷ്ടിക്കുകയല്ല വ്യത്യസ്തമായ രീതിയിൽ സന്തോഷം നിറയ്ക്കുകയാണ് എന്ന കാര്യം മനസ്സിലാക്കി അതനുസരിച്ച് ജീവിതത്തെയും ആഘോഷങ്ങളെയും പുനർനിർവചിക്കുവാൻ അദ്ദേഹം ഏവരെയും ആഹ്വാനം ചെയ്തു. കുടുംബങ്ങളിൽ നല്കേണ്ട സാക്ഷ്യത്തെക്കുറിച്ചും, പ്രവാസികളുടെ സുവിശേഷദൗത്യത്തെക്കുറിച്ചും ഹ്രസ്വമായി പരാമർശിക്കുകയും ചെയ്തു. തുടർന്നു നടന്ന ചർച്ചയിൽ എല്ലാവരും സജീവമായി പങ്കുചേർന്നു.

ആഘോഷങ്ങളിലും നിർമ്മാണപ്രവർത്തനങ്ങളിലും ഭക്ഷണത്തിലും വസ്ത്രത്തിലുമെല്ലാം ലാളിത്യം പുലർത്തണമെന്നും ആഘോഷവേളകളിൽ മദ്യസൽക്കാരം പൂർണ്ണമായും ഉപേക്ഷിക്കുവാൻ ക്രൈസ്തവകുടുംബങ്ങൾ പ്രതിജ്ഞാബദ്ധമാകണമെന്നും ഇടവകകളും കുടുംബങ്ങളും പങ്കുവയ്ക്കലിന്റെ സംസ്കാരം വളർത്തണമെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.



ഇടവകകളിൽ തിരുനാളാഘോഷങ്ങൾ ലളിതമാക്കുന്നതു സംബന്ധിച്ച് രൂപതാദ്ധ്യക്ഷൻ നൽകിയ നിർദ്ദേശങ്ങൾ പൊതുവെ സ്വീകാര്യമായിരുന്നുവെന്നും ആർഭാടങ്ങൾ കുറയ്ക്കുന്നതിനും അതുവഴി പാവപ്പെട്ടവരെ സഹായിക്കുന്നതിനും ജനങ്ങൾ സഹകരിച്ചുവെന്നും വിലയിരുത്തപ്പെട്ടു. എന്നാൽ ചിലയിടങ്ങളിൽ ഉണ്ടായ അപശ്രുതികളും റിപ്പോർട്ടു ചെയ്യപ്പെട്ടു. ഈ തീരുമാനങ്ങൾ ഇതേ രീതിയിൽത്തന്നെ തുടരുന്നതാണ് നല്ലതെന്ന് യോഗം ഒന്നടങ്കം അഭിപ്രായപ്പെട്ടു.

ഇടവകകളിലെ ചാരിറ്റിഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ചും ചർച്ച നടന്നു. മിക്കവാറും ഇടവകകളിൽ ക്രിയാത്മകമായി ഉപവി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് എന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു. ചാരിറ്റി ഫണ്ടിന് പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നത് പ്രായോഗികവിഷമങ്ങൾ ഉണ്ടാക്കുമെന്നതിനാൽ പ്രത്യേക കണക്ക് സൂക്ഷിക്കുകയും പള്ളിയുടെ അക്കൗണ്ടിൽ പണം നിക്ഷേപിക്കുകയും ചെയ്താൽ മതി എന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു.

കാരുണ്യവർഷത്തിൽ രൂപതയ്ക്കകത്തുള്ള തീർത്ഥാടനകേന്ദ്രങ്ങളിലേക്കുള്ള തീർത്ഥാടനങ്ങൾ പ്രോത്സാഹിപ്പിക്കണമെന്നും കാൽനടയായുള്ള മലേക്കുരിശ് തീർത്ഥാടന പാരമ്പര്യം പുനർജീവിപ്പിക്കണമെന്നുമുള്ള യോഗാദ്ധ്യക്ഷന്റെ അഭിപ്രായം ഏവർക്കും സ്വീകാര്യമായിരുന്നു. 1958-ൽ അഭിവന്ദ്യ മാർ മാത്യു പോത്തനാമൂഴി പിതാവ് കാൽനടയായി 15000 പേർ നടത്തിയ മലേക്കുരിശ് തീർത്ഥാടനത്തിൽ പങ്കുചേർന്നതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ അഭിവന്ദ്യ പോത്തനാമൂഴി പിതാവിന്റെതന്നെ കത്തിലെ പ്രസക്തഭാഗങ്ങൾ യോഗാദ്ധ്യക്ഷൻ വായിക്കുകയുണ്ടായി.

ക്രൈസ്തവവിശ്വാസം സ്വീകരിക്കുന്ന അക്രൈസ്തവർക്ക് വേണ്ടത്ര പരിശീലനം നല്കുന്നത് സംബന്ധിച്ച് നടന്ന ചർച്ചയിൽ കുറഞ്ഞത് ഒരു മാസമെങ്കിലും പരിശീലനം നൽകണമെന്ന നിർദ്ദേശം സ്വീകാര്യമായി.

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ (DFC) യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കുന്നതിന് സഹകരിക്കുകയും പ്രയത്നിക്കുകയും ചെയ്ത ബഹു. വികാരിയച്ചന്മാരെ അഭിവന്ദ്യപിതാവ് അഭിനന്ദിച്ചു. DFC യുടെ പ്രവർത്തനങ്ങളെ തുടർന്നും പ്രോത്സാഹിപ്പിക്കണമെന്നും ദീപികയെ വളർത്തുന്നതിന് കോതമംഗലം രൂപതയുടെ പരിപൂർണ്ണ പിന്തുണ നല്കണമെന്നുമുള്ള അഭിവന്ദ്യ പിതാവിന്റെ ആഹ്വാനം യോഗാംഗങ്ങൾ സർവ്വാത്മനാ സ്വീകരിച്ചു.

തുടർന്ന് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ പങ്കെടുക്കുവാനുള്ള അല്മായ പ്രതിനിധികളെയും സന്യാസസഭകളുടെ പ്രതിനിധികളെയും അവരുടെ പകരക്കാരെയും തിരഞ്ഞെടുത്തു. ശ്രീ. ആന്റോ തോമസ് വാളൂക്കാരൻ, ശ്രീ. ഐപ്പച്ചൻ തടിക്കാട്ട്, ശ്രീ. ജോസഫ് മൂലശ്ശേരിൽ, ശ്രീമതി ആനി ജോസഫ് ഇളയിടം, ശ്രീമതി മേരി അഗസ്റ്റിൻ മണ്ണാപറമ്പിൽ, റവ. സി. ഗ്രേസ് കൊച്ചുപാലിയത്തിൽ SABS, റവ. ഫാ. ജോസ് ചേറ്റൂർ VC എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ. ശ്രീ. സി.ജെ. മാത്യു ചിറകണ്ടത്തിൽ, ശ്രീ. പ്രജീഷ് സി. മാത്യു ചിമ്മനിക്കാട്ട്, ശ്രീമതി മേരിക്കുട്ടി സെബാസ്റ്റ്യൻ കൂറ്റപ്പിള്ളിൽ, ശ്രീമതി റോസമ്മ ജോർജ് തയ്യിൽ, റവ. സി. ത്രേസ്യാമ്മ പള്ളിക്കുന്നേൽ SH, റവ. ഫാ. ജോൺ ശങ്കരത്തിൽ OSFS എന്നിവരെ പകരക്കാരായി തിരഞ്ഞെടുത്തു. രൂപതാവൈദികരുടെ പ്രതിനിധികളെ 19-ാം തീയതി നടക്കുന്ന വൈദികയോഗത്തിൽ വച്ച് തിരഞ്ഞെടുക്കുമെന്നും രണ്ട് അല്മായ പ്രതിനിധികളെയും സന്യാസ സഭകളുടെ ഒരു പ്രതിനിധിയെയും രൂപതാവൈദികരുടെ ഒരു പ്രതിനിധിയെയും നോമിനേറ്റ് ചെയ്യുന്നതാണെന്നും രൂപതാദ്ധ്യക്ഷൻ അറിയിച്ചു.

റവ. ഡോ. ജോർജ് കാരക്കുന്നേൽ എഡിറ്റ് ചെയ്ത "വഴിതെറ്റാത്ത വിശ്വാസം" എന്ന പുസ്തകത്തിന്റെ പ്രകാശനം ന്യൂമാൻ കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ടി.എം. ജോസഫിന് ആദ്യകോപ്പി നല്കിക്കൊണ്ട് അഭിവന്ദ്യ പിതാവ് നിർവഹിച്ചു.

ജോർജ് നാമധാരികളായ എല്ലാവർക്കും അഡ്വ. റൈജു വർഗീസ് തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

അഭിവന്ദ്യ പിതാവ് ഏവർക്കും നന്ദി പറഞ്ഞു. ഉച്ചയ്ക്ക് ഒരു മണിയോടെ യോഗം സമാപിച്ചു.

*Secretary*

## മൈനർ സെമിനാരി

*MS 21 /2016* **പ്രാർത്ഥനാശംസകൾ**

നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നടത്തി മ്ശംശാന പട്ടം സ്വീകരിക്കുന്ന കലയന്താനി ഇടവക കല്ലിടുക്കിൽ സക്കറിയാസ്, നെല്ലിമറ്റം ഇടവകാംഗങ്ങളായ കൊന്തേമ്പിള്ളിൽ



സെബാസ്റ്റ്യൻ, പാറമേൽ വർഗീസ്, കൊടുവേലി ഇടവക മുണ്ടയ്ക്കൽ മാത്യു, കത്തീഡ്രൽ ഇടവക ഞാലിപ്പറമ്പിൽ ആന്റണി, മുടവൂർ ഇടവക പാറയ്ക്കൽ എബ്രാഹം, മൈലക്കൊമ്പ് ഇടവക പീച്ചാനിക്കുന്നേൽ ജോർജ്, നെയ്യശ്ശേരി ഇടവക പുത്തൻകുളത്തിൽ മാത്യു, ചീനിക്കുഴി ഇടവക തുമ്പമറ്റത്തിൽ സെബാസ്റ്റ്യൻ എന്നിവർക്കും ഹെവ്പ്പദ്യാക്കോന പട്ടം സ്വീകരിക്കുന്ന മുതലക്കോടം ഇടവക ആക്കപ്പടിക്കൽ പോൾ, മീങ്കുന്നം ഇടവക കച്ചിറപാറേക്കുടിയിൽ മാർട്ടിൻ, കോലടി ഇടവക കാഞ്ഞിരക്കൊമ്പിൽ ജോസഫ്, തൊമ്മൻകുത്ത് ഇടവക കുന്നുംപുറത്ത് ജോസഫ്, കല്ലൂർക്കാട് ഇടവക താണികുന്നേൽ അലക്സ്, ഈസ്റ്റ് വാഴപ്പിള്ളി ഇടവക വിളയപ്പിള്ളി ആന്റണി എന്നിവർക്കും കാറോയൂസ പട്ടം സ്വീകരിക്കുന്ന ഊന്നുകൽ ഇടവക തറപ്പിൽ മാത്യുവിനും വൈദികവസ്ത്രം സ്വീകരിച്ച് ദൈവശാസ്ത്രപഠനം ആരംഭിക്കുന്ന കത്തീഡ്രൽ ഇടവക എടത്തല ജോർജ്, കാളിയാർ ഇടവക കൊച്ചുപുത്തൻപുരയിൽ ജോസഫ്, മുതലക്കോടം ഇടവക കുന്നത്ത് സ്ക്കറിയ, വടാട്ടുപാറ ഇടവക മഠത്തിൽ ജോസഫ്, വാഴക്കുളം ഇടവക നെടുങ്ങാട്ട് ജോർജ്, നെടുങ്ങപ്ര ഇടവക പാറേമ്മാൻ പീറ്റർ, കാവക്കാട് ഇടവകാംഗങ്ങളായ വടക്കേടത്ത് ജോസഫ്, വള്ളോംകുന്നേൽ ജോസഫ്, പൈങ്ങോട്ടൂർ ഇടവക വെള്ളാംകുന്നേൽ എമ്മാനുവേൽ എന്നിവർക്കും സെമിനാരി കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

*MS 22 /2016* **Talent Scan**

മൈനർ സെമിനാരിക്കാർക്കായി മദ്ധ്യവേനൽ അവധിക്കാലത്ത് നടത്താറുള്ള ടാലന്റ് സ്കാൻ ഏപ്രിൽ 15, 16 തീയതികളിൽ നടന്നു. മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി മുൻ റെക്ടർ പെരി. ബഹു. ആന്റണി നരികുളം അച്ചൻ യാമപ്രാർത്ഥനകളെക്കുറിച്ച് ക്ലാസ് നയിച്ചു.

*MS 23 /2016* **മലയാറ്റൂർ തീർത്ഥാടനം**

ടാലന്റ് സ്കാനിനുശേഷം വൈദികവിദ്യാർത്ഥികൾ മാർത്തോമ്മാശ്ലീഹായുടെ പാദസ്പർശത്താൽ അനുഗൃഹീതമായ മലയാറ്റൂരിലേക്ക് കോതമംഗലത്തുനിന്നും കാൽനടയായി തീർത്ഥാടനം നടത്തി.

*MS 24 /2016* **Major Seminarians' Gathering**

മെയ് 9, 10, 11 തീയതികളിൽ മേജർ സെമിനാരിക്കാരുടെയും ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാരുടെയും മദ്ധ്യവേനലവധി കൂട്ടായ്മ ഉണ്ടായിരിക്കും.

*MS 25 /2016* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | George Peter Parankimalil, Nellimattam | ₹ | 5000 |
| 2 | K.J. Joseph Kannamkulam, Alakode | ₹ | 5000 |
| 3 | Aelikutty George Oliapuram, Cathedral | ₹ | 17000 |
| 4 | Antony George Oliapuram, Cathedral | ₹ | 5000 |
| 5 | Cyriac Manjakadambil, Udumpannoor | ₹ | 15000 |
| 6 | Sebastian Ouseparambil, Vijnanamatha Thodupuzha | ₹ | 10000 |
| 7 | Valsa Srayil, Nirmalamatha Muvattupuzha | ₹ | 5000 |
| 8 | Fr. George Nirappath | ₹ | 20000 |
| 9 | P.J. Joseph Puthiyaparambil, Nirmalamatha Muvattupuzha | ₹ | 10000 |
| 10 | Aleykutty Mani Ponkallumkal, Meenkunnam | ₹ | 4000 |

*Rector*

## വിജ്ഞാനഭവൻ

*V. 43/2016* **ബൈബിൾ നേഴ്സറി**

ബൈബിൾ നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് രണ്ടാംഘട്ടം ഏപ്രിൽ 25, 26 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽവച്ച് നടന്നു. ഇതിൽ പങ്കെടുത്ത വിശ്വാസപരിശീലകർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചൻമാർക്കും ഹെഡ്മാസ്റ്റർമാർക്കും നന്ദി അറിയിക്കുന്നു.

**എപ്പാർക്കിയൽ അസംബ്ലിയുടെ തീരുമാനപ്രകാരം എല്ലാ ഇടവകകളിലും ബൈബിൾ നേഴ്സറി 2016-2017 അദ്ധ്യയന വർഷം തന്നെ ആരംഭിക്കാൻ ശ്രദ്ധിക്കുമല്ലോ. പുസ്തകങ്ങൾ വിജ്ഞാനഭവനിൽ നിന്നും ലഭിക്കുന്നതാണ്.**

*V. 44/2016* **SAY EXAM**

**രജിസ്ട്രേഷൻ : 2016 മെയ് 2 മുതൽ 7 വരെ.**

**പരീക്ഷ : മെയ് 15 ഞായർ**

സമയം : 11.00 am - 1.00 pm

**റിസൽട്ട് : മെയ് 23 തിങ്കൾ**

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ മെയ് 14 ശനിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.



- മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറുകൾ മെയ് 21-ന് മുമ്പ് രൂപതാകേന്ദ്രത്തിൽ എത്തിക്കണം.
- രണ്ടാം സെമസ്റ്ററിൽ തോറ്റവരെ ഉദ്ദേശിച്ചു മാത്രമാണ് മെയ് 15-ന് SAY Exam നടത്തുന്നത്.

*V. 45/2016* **വിശുദ്ധരുടെ പുസ്തകം**

I മുതൽ XII വരെ ക്ലാസ്സുകളിലേക്കുള്ള ഉപപാഠപുസ്തകമായി വിശുദ്ധരുടെ ജീവചരിത്രം 2016-2017 അദ്ധ്യയനവർഷത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഇതിനായി ഓർഡർ ഫോം പൂരിപ്പിച്ച് നൽകാത്തവർ മെയ് 5-ന് മുമ്പ് നൽകേണ്ടതാണ്.

*V. 46/2016* **SCC, HCC Result**

മെയ് 2-ാം തീയതി റിസൽട്ട് പ്രഖ്യാപിക്കുന്നതാണ്. സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 2 മുതൽ മെയ് 14 വരെ. ഇന്റേണൽ മാർക്ക് പ്രത്യേകം എഴുതാത്തവർ എഴുതി കൊണ്ടുവരേണ്ടതാണ്.

*V. 47/2016* **വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ**

ഈ വർഷത്തെ വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ ജൂൺ മാസം 11-ാം തീയതി ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നു. കഴിഞ്ഞ വർഷത്തെ മികച്ച സൺഡേസ്കൂളുകൾക്കുള്ള സമ്മാനങ്ങൾ തദവസരത്തിൽ നൽകുന്നതാണ്. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

*V. 48/2016* **HM & സ്റ്റാഫ് സെക്രട്ടറി മീറ്റിംഗ്**

2016 മെയ് മാസം 22-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ മൂവാറ്റുപുഴ NESTT-ൽ വച്ച് നമ്മുടെ രൂപതയിലുള്ള എല്ലാ സൺഡേസ്കൂളുകളിലെയും HM & Staff Secretary മാരുടെ മീറ്റിംഗ് ഒരുക്കിയിരിക്കുന്നു. കൃത്യസമയത്തുതന്നെ എല്ലാവരും എത്തിച്ചേരേണ്ടതാണ്. **അന്നേദിവസം വി. കുർബാനയോടു കൂടിയായിരിക്കും മീറ്റിംഗ് ആരംഭിക്കുക.**

*V. 49/2016* **പ്രവേശനോത്സവം**

2016 മെയ് 29 ഞായറാഴ്ച പുതിയ അദ്ധ്യയനവർഷം തുടങ്ങുകയാണല്ലോ. അന്നേദിവസം ഇടവകകളിൽ പ്രവേശനോത്സവമായി ആചരിക്കുന്നത് ഉചിതമായിരിക്കും. ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളെ ആഘോഷപൂർവ്വം സ്വീകരിക്കുന്നതും അവർക്ക് ചെറിയ സമ്മാനങ്ങൾ

നല്കുന്നതും അവരിൽ കൂടുതൽ താല്പര്യം ഉണർത്തുന്നതിന് സഹായിക്കും. അവരുടെ മാതാപിതാക്കന്മാരെ കുട്ടികളുടെ കുർബാനയ്ക്ക് വരുവാൻ പ്രേരിപ്പിക്കുകയും പ്രവേശനോത്സവത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

ഇടവകയിലെ വിശ്വാസപരിശീലന പരിപാടികൾക്ക് ഭാവുകങ്ങൾ നേരുന്നു. ഇതിനായി സമർപ്പണബോധത്തോടുകൂടെ മുന്നോട്ടുവന്നിട്ടുള്ള എല്ലാ അദ്ധ്യാപകർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

*V. 50/2016* **സൺഡേസ്കൂൾ പുസ്തകങ്ങൾ**

സൺഡേസ്കൂൾ പുസ്തകങ്ങളുടെ വിതരണം മെയ് 20-ാം തീയതി തുടങ്ങണമെന്ന് പ്രതീക്ഷിക്കുന്നു. പുസ്തകം എത്തി എന്ന് ഉറപ്പുവരുത്തിയതിനുശേഷം വരുക.

*V. 51/2016* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേസ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സിഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

## Corporate Educational Agency

*Edn.18/2016* **To The Managers/ HMs of all Schools**

2016-17 അദ്ധ്യയന വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. 2015-16 ൽ ഉണ്ടായിരുന്ന ഡിവിഷനുകൾ നഷ്ടപ്പെടാതിരിക്കുവാനും പുതിയ അദ്ധ്യയനവർഷത്തിൽ കുട്ടികളുടെ Strength പരമാവധി വർധിപ്പിക്കുവാനും എല്ലാ അദ്ധ്യാപകരും അനദ്ധ്യാപകരും ഉത്സാഹപൂർവം പ്രവർത്തിക്കണം. 2016-17 അദ്ധ്യയന വർഷത്തെ ഡിവിഷൻ സംബന്ധിച്ചുള്ള റിപ്പോർട്ട് 2016 മെയ് 25-നകം രേഖാമൂലം ഈ ഓഫീസിൽ എത്തിക്കേണ്ടതാണ് (Division fall & New Divisions). 01-06-2016 വച്ചുള്ള സ്റ്റാഫ് സ്റ്റേറ്റ്മെന്റ് ജൂൺ 10-നു മുമ്പ് എല്ലാ ഹെഡ്മാസ്റ്റർമാരും രൂപത വിദ്യാഭ്യാസ ഓഫീസിൽ കൃത്യമായും ഏല്പിക്കണം. തന്നയച്ചിരിക്കുന്ന ഫോറത്തിൽ തന്നെ തരണം എന്ന് ഓർമ്മിപ്പിക്കുന്നു.



Long Leave എടുക്കാൻ ഉദ്ദേശിക്കുന്നവർ മൂന്നു മാസം മുൻപ് യഥാവിധി പൂരിപ്പിച്ച ലീവ് അപേക്ഷകൾ ഈ ഓഫീസിൽ നൽകേണ്ടതാണ്. അപേക്ഷകൾ ഈ ഓഫീസിൽ നിന്നാണ് ഗവൺമെന്റിലേക്ക് അയയ്ക്കേണ്ടത്. ലീവ് എടുക്കുന്നവർ സ്വന്തം ഉത്തരവാദിത്വത്തിൽ ലീവ് പാസ്സാക്കി എടുക്കേണ്ടതാണ്. ലീവ് പാസ്സാക്കാതെ സ്വദേശം വിടാൻ പാടില്ലെന്നാണ് ഗവൺമെന്റ് ചട്ടം അനുശാസിക്കുന്നത്. ഈ നിയമം ലംഘിക്കുന്നവരുടെ പേരിൽ ശിക്ഷണനടപടിക്ക് ഗവൺമെന്റ് ഉത്തരവുണ്ട്. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം സ്റ്റാഫിന്റെ ശ്രദ്ധയിൽപെടുത്തണം.

*Edn.19/2016* **സ്പെഷ്യൽ ക്ലാസ്സുകൾ**

പത്താം ക്ലാസിലും +2 വിലും പഠിക്കുന്ന കുട്ടികൾക്ക് പതിവുപോലെ മെയ് മാസം മുതൽ സ്പെഷ്യൽ ക്ലാസ്സുകൾ തുടങ്ങേണ്ടതാണ്.

*Edn.20/2016* **Catechism /Moral Science Text Books**

കുട്ടികൾക്കുള്ള Catechism/Moral Science Text Books ജൂൺ ആദ്യ ആഴ്ചയിൽ തന്നെ വിജ്ഞാനഭവൻ ഓഫീസിൽ നിന്നും വാങ്ങിക്കേണ്ടതാണ്.

*Edn.21/2016* **അഭിനന്ദനങ്ങൾ**

എറണാകുളം ജില്ലയിലെ മികച്ച വിദ്യാലയത്തിനുള്ള വായനാവസന്തം പുരസ്ക്കാരം ആനിക്കാട് സെന്റ് ആന്റണീസ് എൽ.പി. സ്കൂളിന് ലഭിച്ചു. അഭിനന്ദനം അറിയിക്കുന്നു.

*Edn. 22/2016* **കല്ലാനിക്കൽ സെന്റ് ജോർജ്സ് ഹയർ സെക്കന്ററി സ്കൂളിന്റെ നേട്ടങ്ങൾ**

2015-2016 സ്കൂൾ വർഷത്തിൽ പച്ചക്കറിത്തോട്ടത്തിന് കൃഷിവകുപ്പ് ഏർപ്പെടുത്തിയ അവാർഡിൽ ഇടുക്കി ജില്ലയിൽ മികച്ച സ്കൂളിനുള്ള മൂന്നാം സ്ഥാനവും മാതൃഭൂമി സീഡിന്റെ ജില്ലയിലെ മികച്ച സ്കൂളിനുള്ള മൂന്നാം സ്ഥാനവും മാസ്റ്റർ ആൽഫിൻ സണ്ണിക്ക് മാതൃഭൂമി സീഡിന്റെ ജെം ഓഫ് സീഡ് പുരസ്കാരവും മലയാള മനോരമയുടെ നല്ല പാഠം പദ്ധതിയിൽ ജില്ലയിലെ മികച്ച സ്കൂളിനുള്ള മൂന്നാം സ്ഥാനവും ലഭിച്ചു. ശ്രീ. ബിജോ അഗസ്റ്റിൻ സാറിനെ കൃഷിവകുപ്പ് ജില്ലയിലെ മികച്ച അദ്ധ്യാപക കോ-ഓർഡിനേറ്ററായി തെരഞ്ഞെടുത്തു. അഭിനന്ദനങ്ങൾ അറിയിക്കുന്നു.

*Secretary*

## ചെറുപുഷ്പമിഷൻലീഗ്

### *CML 30 /2016* ചെറുസൂനം ക്വിസ്

23-04-2016 ശനിയാഴ്ച മൂവാറ്റുപുഴ നിർമ്മലപബ്ലിക് സ്കൂളിൽ വച്ച് രൂപതാതല ചെറുസൂനം ക്വിസ് സംഘടിപ്പിച്ചു. യു.പി., ഹൈസ്കൂൾ തലങ്ങളിലായി മുപ്പതോളം കുട്ടികൾ പങ്കെടുത്തു.

**വിജയികൾ**

**ഹൈസ്കൂൾ വിഭാഗം**

| | |
|---|---|
| ഡോൺ സാവിയോ ജോർജ് എടത്തല, കുളപ്പുറം | I |
| അനിറ്റ ഷാജൻ മാതേയ്ക്കൽ, പൈങ്ങോട്ടൂർ | I |
| സോന ബൈജു മുണ്ടങ്ങാട്ടിൽ, നിർമ്മലമാതാ | II |
| സുബിൻ സജി കന്നുംപുറത്ത്, വണ്ണപ്പുറം | II |
| ജോസ് തോമസ് ചൂരക്കാട്ട്, തൊടുപുഴ ഈസ്റ്റ് | III |

**യു.പി. വിഭാഗം**

| | |
|---|---|
| സോന ഷാജി ചെട്ടിപ്പറമ്പിൽ, നെയ്യശ്ശേരി | I |
| റ്റിയമോൾ സെബാസ്റ്റ്യൻ മങ്ങാട്ട്, നെല്ലിമറ്റം | II |
| റീനാമോൾ ജീസ് ചേബ്ലായിൽ, പെരുമ്പല്ലൂർ | III |

### *CML 31 /2016* ശാഖാ മേഖലാ റിപ്പോർട്ടുകൾ

മേഖല കേന്ദ്രങ്ങളിലെത്തിച്ച ശാഖാ റിപ്പോർട്ടുകൾ മെയ് 15-ന് മുമ്പായി അതത് മേഖലകൾ രൂപതാ കേന്ദ്രത്തിലെത്തിക്കണം. മേഖലാ റിപ്പോർട്ടുകൾ മെയ് 30-ന് രൂപതാകേന്ദ്രത്തിലെത്തിക്കണം.

### *CML 32 /2016* രൂപതാമാനേജിംഗ് കമ്മിറ്റിയും തിരഞ്ഞെടുപ്പും

23-04-2016 ശനിയാഴ്ച മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് രൂപതാ മാനേജിംഗ് കമ്മിറ്റി നടന്നു. നെസ്റ്റ് ഡയറക്ടർ റവ. ഡോ. ജോർജ് കാരക്കുന്നേൽ കമ്മിറ്റി ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബെന്നി മുത്തനാട്ട് പങ്കെടുത്തു. തദവസരത്തിൽ 2016-17 പ്രവർത്തനവർഷത്തേക്കുള്ള രൂപതാഭാരവാഹികളെ തിരഞ്ഞെടുത്തു.

**പുതിയ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | - | ഡോൺ പ്ലാക്കൂട്ടത്തിൽ, പൂയംകുട്ടി |
| വൈസ് പ്രസിഡന്റ് | - | സനിത ആന്റണി, കോതമംഗലം |
| സെക്രട്ടറി | - | എബിൻ അൽഫോൻസ്, പെരിങ്ങഴ |
| ജോ. സെക്രട്ടറി | - | നിഹിത സണ്ണി, ആനിക്കാട് |
| അസി. സെക്രട്ടറി | - | കെവിൻ ജോസഫ്, കലയന്താനി |
| ഓർഗനൈസേഴ്സ് | - | അരുൺ ജോസ്, മൂവാറ്റുപുഴ |
| | | ജസ്റ്റിൻ ജോസ്, മീങ്കുന്നം |



**കമ്മിറ്റി അംഗങ്ങൾ:**
നീതു മാത്യു, സൂരജ് ജോഷി, ഡെൻസൺ ഡൊമിനിക്

**ഓഡിറ്റർ :**
റൊമാരിയോ ജോൺസൺ, ജിബിൻ പുൽപ്പറമ്പിൽ, ഷാരൂൺ ജോസ്

**എ.കെ.എം.സി.** :
സി. റെറ്റി എഫ്.സി.സി., ജിതിൻ ബെന്നി, ലിൻസൺ മാത്യു.

**റീജണൽ ഓർഗനൈസേഴ്സ് :**

| | | |
|---|---|---|
| കോതമംഗലം | - | സജിൽ ജോർജ് |
| മൂവാറ്റുപുഴ | - | ജെബിൻ ജോൺസ് |
| തൊടുപുഴ | - | ആഷ്ബിൻ അലോഷ്യസ് |

*Director*

## കെ.സി.എസ്.എൽ.

### *KCSL 17/2016* രൂപതാതല നേതൃത്വപരിശീലന ക്യാമ്പ്

രൂപതാതല നേതൃത്വപരിശീലനക്യാമ്പ് മാർച്ച് 31 മുതൽ ഏപ്രിൽ 2 വരെ തീയതികളിലായി നെസ്റ്റിൽ വച്ച് നടന്നു. 2016-17 വർഷത്തെ വിദ്യാർത്ഥി ഭാരവാഹികൾ ക്യാമ്പിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടു.

**ചെയർമാൻ**
നവിൻ ജോസഫ് മാടശ്ശേരിൽ, ജയ്റാണി ഇ.എം.എച്ച്.എസ്, തൊടുപുഴ

**ജനറൽ സെക്രട്ടറി**
ആൻ അലീന ജിമ്മി തേക്കുംമൂട്ടിൽ, സെന്റ് അഗസ്റ്റിൻസ് ജി.എച്ച്.എസ്.എസ്, മുവാറ്റുപുഴ.

**സെക്രട്ടറിമാർ**

**എച്ച്.എസ്.എസ് വിഭാഗം**

1. സെബാസ്റ്റ്യൻ പോൾ അറയ്ക്കൽ, സെന്റ് ജോർജ്ജ് HS, ഉടുമ്പന്നൂർ.
2. നിമ്മി കുര്യൻ ആനിക്കുഴിയിൽ, സെന്റ് മേരീസ് HS, നാകപ്പുഴ.

**എച്ച്.എസ് വിഭാഗം**

1. ജാൻവി വർഗീസ് പാറേപറമ്പിൽ, വി.എം.എച്ച്.എസ്, കദളിക്കാട്.
2. ചെറിയാൻ മാർട്ടിൻ ആനക്കാടൻ, നിർമ്മല പബ്ലിക് സ്കൂൾ, മുവാറ്റുപുഴ.

**യു.പി. വിഭാഗം**

1. മിലൻ ജോ ബേബി പുത്തൻപുരയ്ക്കൽ, സെന്റ് ജോസഫ് എച്ച്.എസ്.എസ്, പൈങ്ങോട്ടൂർ.
2. നോയൽ റെജി, നിർമ്മല എച്ച്.എസ്.എസ്. മുവാറ്റുപുഴ
3. അൽഫോൻസ ഷിബു തടത്തിൽ, സെന്റ് അഗസ്റ്റിൻസ് ജി. എച്ച്. എസ്.എസ്, മുവാറ്റുപുഴ.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)

*DFC 14/2016* **അഭിനന്ദനങ്ങൾ**

സമ്പൂർണ്ണ DFC രൂപതാ പ്രഖ്യാപന സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ ഭാരവാഹികൾക്കും അവരെ പറഞ്ഞയച്ച, സാന്നിധ്യം കൊണ്ട് അനുഗ്രഹിച്ച എല്ലാ വികാരിയച്ചന്മാർക്കും, ഫൊറോന ഡയറക്ടേഴ്സിനും സഹ ഡയറക്ടേഴ്സിനും നന്ദിയും അഭിനന്ദനങ്ങളും.

*DFC 15/2016* **മികച്ച DFC ഇടവക അവാർഡുകൾ നേടിയവർ**

സെന്റ് ജോർജ് ഫൊറോന ചർച്ച്, മുതലക്കോടം
സെന്റ് മേരീസ് ചർച്ച്, നാകപ്പുഴ
വിജ്ഞാന മാതാ ചർച്ച്, തൊടുപുഴ ഈസ്റ്റ്
മാക്സിമില്യൻ കോൾബേ ചർച്ച്, വാഴപ്പിള്ളി ഈസ്റ്റ്
ക്രിസ്തുരാജ് ചർച്ച്, ചിലവ്
സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, തട്ടക്കുഴ

*DFC 16/2016* **സമ്പൂർണ്ണ ദീപിക യൂണിറ്റ് അവാർഡ്**

സെന്റ് ആൻസ് യൂണിറ്റ്, മുതലക്കോടം

*DFC 17/2016* **മികച്ച ഓഫറിൽ ദീപിക സ്വന്തമാക്കൂ**

പത്രവിലവർദ്ധനവിനിടയിലും വില വർദ്ധനവ് ബാധിക്കാത്ത രീതിയിലുള്ള ഓഫറുകൾ മെയ് 31 വരെ തുടരുന്നു. വാർഷിക വരിസംഖ്യ-2000/- (പുതുക്കിയ വില 2352/-). അർദ്ധവാർഷിക വരിസംഖ്യ-1000/- (പുതുക്കിയ വില 1176/-). മെയ് 31 വരെ പഴയവിലയിൽ പത്രം സ്വന്തമാക്കാം. സ്കീം തീരുന്നതുവരെ ഉണ്ടാകുന്ന വിലവർദ്ധനവ് യാതൊരുവിധത്തിലും ഓഫർ സ്കീമിൽ ചേർന്നിരിക്കുന്നവരെ ബാധിക്കുന്നതല്ല.

*Co-ordinator*



## സോഷ്യൽ സർവീസ്

*SS. 27 /2016* **വായ്പ നൽകി**

കോതമംഗലം രൂപത സോഷ്യൽ സർവീസ് സൊസൈറ്റി വഴി പിന്നോക്കവികസന വിഭാഗ കോർപ്പറേഷന്റെ മൈക്രോ ഫൈനാൻസ് വായ്പയായി 8 സ്വയം സഹായ സംഘങ്ങൾക്ക് 20 ലക്ഷം രൂപ വിതരണം ചെയ്തു. ഈ വായ്പയുടെ ഒന്നാംഘട്ട വിതരണോദ്ഘാടനം KSSS ഡയറക്ടർ ഫാ. ജേക്കബ്ബ് തലാപ്പിള്ളിൽ നിർവഹിച്ചു.

*SS. 28 /2016* **ആദരാഞ്ജലികൾ**

കോതമംഗലം രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മുൻ ഡയറക്ടറായിരുന്ന റവ. ഫാ. സെബാസ്റ്റ്യൻ കല്ലുങ്കലിന്റെ നിര്യാണത്തിൽ KSSS ആദരാഞ്ജലികൾ അർപ്പിക്കുന്നു.

*SS. 29 /2016* **ജീവ മെഡിക്കൽ സ്റ്റോറുകൾ**

തൊടുപുഴ, മൂവാറ്റുപുഴ, വാഴക്കുളം എന്നീ മെഡിക്കൽ സ്റ്റോറുകളിൽ മാർച്ച് മാസത്തിൽ ആകെ 21 ലക്ഷം രൂപയുടെ മരുന്ന് വില്പന നടത്തുകയുണ്ടായി. ഇതിൽ 338000/- രൂപ ഉപഭോക്താക്കൾക്ക് ഡിസ്കൗണ്ടായി നൽകുകയും ചെയ്തു.

കോതമംഗലം ചെറിയപള്ളിത്താഴത്ത് ജീവമിൽക്ക് ഡിപ്പോയോടു ചേർന്ന് ജീവ മെഡിക്കൽ സ്റ്റോറിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

*SS. 30 /2016* **ജീവ കുത്തരി**

കഴിഞ്ഞ ഒരു മാസംകൊണ്ട് 126 ടൺ ജീവ കുത്തരി ഇടവകകളിലൂടെയും സ്ഥാപനങ്ങളിലൂടെയും വിതരണം ചെയ്യുകയുണ്ടായി. അരിയെ സംബന്ധിച്ച് നല്ല പ്രതികരണമാണ് ഉപഭോക്താക്കളിൽ നിന്നും ലഭിക്കുന്നത്. മാർക്കറ്റ് വില വച്ച് നോക്കുമ്പോൾ ഏറ്റവും കുറഞ്ഞത് 5/- രൂപയെങ്കിലും വിലക്കുറവുണ്ട്. ഇതനുസരിച്ച് ഏകദേശം

6.25 ലക്ഷത്തോളം രൂപ ഉപഭോക്താക്കൾക്ക് ലാഭം ലഭിച്ചിട്ടുണ്ട്. കൂടുതൽ ഉപഭോക്താക്കളിലേക്ക് അരി എത്തിക്കുവാൻ അച്ചന്മാരുടെ സഹായം അഭ്യർത്ഥിക്കുന്നു.

*SS. 31 /2016* **ആശാകിരണം**

വീടുകളിൽ വച്ചിരുന്ന ആശാകിരണം പദ്ധതി ടിന്നുകൾ തിരികെ നൽകിയ പള്ളികൾ

| | | | | | |
|---|---|---|---|---|---|
| അഞ്ചിരി | - | 80660 | ഉരുളൻതണ്ണി | - | 24000 |
| ഏഴല്ലൂർ | - | 120000 | വാഴപ്പിള്ളി ഈസ്റ്റ് | - | 90000 |
| കലയന്താനി | - | 187660 | വെട്ടിമറ്റം | - | 50000 |
| കല്ലേലിമേട് | - | 9500 | Additional വന്നത് | | |
| മേക്കടമ്പ് | - | 22375 | മുതലക്കോടം | - | 3125 |
| ഊന്നുകൽ | - | 46875 | കത്തീഡ്രൽ | - | 8855 |
| | | | | | **643050** |

*Director*

# യുവദീപ്തി

*YD 18 /2016* **ജീവിതദർശൻ ധ്യാനം**

യുവജനങ്ങൾക്കായി ഒരുക്കുന്ന രണ്ടാമത്തെ ജീവിതദർശൻ ധ്യാനം മെയ് 27 മുതൽ 30 വരെ നടക്കുന്നതാണ്. ഇടവകയിൽനിന്നും യുവജനങ്ങളെ, പ്രത്യേകിച്ച് +2 പരീക്ഷ എഴുതിയവരെക്കൂടി, പറഞ്ഞുവിടുമല്ലോ.

*YD 19 /2016* **ജൂബിലി മഹാറാലിയും പൊതു സമ്മേളനവും നടന്നു**

യുവദീപ്തി-KCYM പ്രസ്ഥാനത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് ഏപ്രിൽ 14-ന് നടത്തിയ മഹാറാലിയിൽ രൂപതയിലെ 12 ഫൊറോനകളിൽനിന്നുമായി അയ്യായിരത്തോളം യുവജനങ്ങൾ പങ്കെടുത്തു. വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം ഫ്ളാഗ് ഓഫ് ചെയ്ത റാലി ന്യൂമാൻ കോളേജിൽനിന്നും ആരംഭിച്ച് തൊടുപുഴ ടൗൺ പള്ളിയങ്കണത്തിൽ അവസാനിച്ചു. ധാർമ്മികതയ്ക്കുവേണ്ടി നിലകൊള്ളുന്ന നിരവധി നിശ്ചലദൃശ്യങ്ങൾ, ആത്മീയതയെ പരിപോഷിപ്പിക്കുന്ന ദൃശ്യാവിഷ്ക്കാരങ്ങൾ, വാദ്യമേളങ്ങൾ എന്നിവയുടെ അകമ്പടിയോടെ നീങ്ങിയ റാലി തൊടുപുഴ നഗരത്തെ ആവേശം കൊള്ളിച്ചു.



തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മുൻ സുപ്രീം കോടതി ജഡ്ജിയും നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ അംഗവുമായ ജസ്റ്റീസ് സിറിയക് ജോസഫ്, രൂപതാ പ്രസിഡന്റ് ടോം, ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ, ജനറൽ സെക്രട്ടറി അഭി കാഞ്ഞിരപ്പാറയിൽ, ആനിമേറ്റർ സി. കാരുണ്യ, സംസ്ഥാന പ്രസിഡന്റ്, ഡയറക്ടർ, മുൻകാല ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

*YD 20 /2016* **സംഘടനാ സമ്മേളനം**

യുവദീപ്തി പ്രസ്ഥാനത്തിന്റെ രജതജൂബിലിയോടനുബന്ധിച്ചുള്ള സംഘടനാസമ്മേളനം ഏപ്രിൽ 9-ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. ബിഷപ്പ് എമിരിത്തൂസ് അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ കൃതജ്ഞതാബലിയോടുകൂടി സമ്മേളനം ആരംഭിച്ചു. തുടർന്ന് മുൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ ക്ലാസ്സ് നയിച്ചു. കാൽനൂറ്റാണ്ടുകാലം പ്രസ്ഥാനത്തോടു ചേർന്നു നിന്ന 400-ലധികം ഭാരവാഹികളെ മെമന്റോ നൽകി ആദരിച്ചു.

*YD 21 /2016* **ജൂബിലി പതാക പ്രയാണ ബൈക്ക് റാലി**

ജൂബിലി സമ്മേളനങ്ങൾക്കു മുന്നോടിയായി ബൈക്ക് റാലി ഏപ്രിൽ 3-ന് 12 ഫൊറോന പള്ളികളിൽക്കൂടി നടന്നു. വി. കുർബാനയോടുകൂടി ആരംഭിച്ച റാലി രാവിലെ 7.00-ന് മൂവാറ്റുപുഴ ഹോളി മാഗി പള്ളിയിൽ നിന്നും തുടങ്ങി വൈകിട്ട് 6.00-ന് വാഴക്കുളം സെന്റ് ജോർജ് പള്ളിയിൽ സമാപിച്ചു. മൂവാറ്റുപുഴ ഫൊറോന വികാരി റവ. ഫാ. പോൾ നെടുമ്പുറം റാലി ഫ്ളാഗ് ഓഫ് ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു. മുൻ രൂപത പ്രസിഡന്റ് ശ്രീ. ഷൈജു ഇഞ്ചയ്ക്കൽ റാലിക്കു നേതൃത്വം നൽകി. റാലി മൂവാറ്റുപുഴ-കോതമംഗലം-ഊന്നുകൽ-പൈങ്ങോട്ടൂർ-കാളിയാർ-കരിമണ്ണൂർ- മുതലക്കോടം-മൈലക്കൊമ്പ്-തൊടുപുഴ-മാറിക-ആരക്കുഴ വഴി വാഴക്കുളത്ത് സമാപിച്ചു.

*YD 22 /2016* **നന്ദി**

രജതജൂബിലിയാഘോഷങ്ങളിൽ യുവദീപ്തിയെ പ്രാർത്ഥനകളാലും പ്രവർത്തനങ്ങളാലും പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത അഭിവന്ദ്യ പിതാക്കന്മാർക്കും, ആനിമേറ്റേഴ്സ്, ഭാരവാഹികൾ എന്നിവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു. കൂടുതൽ മികവോടെ മുന്നോട്ടു നീങ്ങുവാൻ എല്ലാ സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുന്നു.

*YD 23 /2016* **വീ ഫോർ സേവ്**

യുവ ദീപ്തി 'വീ ഫോർ സേവ്' സെല്ലിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടു പോകുന്നു. ഫൊറോന-ഇടവക തലങ്ങളിലുള്ള പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. 25 പേർക്കുള്ള ഡയാലിസിസ് ചികിത്സാ സഹായം രജത ജൂബിലി പൊതുസമ്മേളനത്തിൽ വിതരണം ചെയ്തു. നിരവധി രക്തദാനങ്ങളും ഇതിനോടകം നടന്നു കഴിഞ്ഞു. ആവശ്യങ്ങൾക്ക് വിളിക്കേണ്ട നമ്പർ: 9747638660 (അമൽ).

*Director*

## ജീസസ് യൂത്ത്

*JY 9 /2016* **ജീസസ് യൂത്തിനെ അന്തർദേശീയ അല്മായ മുന്നേറ്റമായി വത്തിക്കാൻ അംഗീകരിച്ചു**

കേരളത്തിൽ രൂപംകൊണ്ട കത്തോലിക്കാ അല്മായ മുന്നേറ്റമായ ജീസസ് യൂത്തിനെ അന്തർദേശീയ അല്മായ മുന്നേറ്റമായി വത്തിക്കാൻ അംഗീകരിച്ചു.

മെയ് 20-ന് രാവിലെ 11-ന് വത്തിക്കാനിൽ നടക്കുന്ന ചടങ്ങിൽ പ്രത്യേക അംഗീകാരപത്രം ജീസസ് യൂത്ത് നേതൃത്വത്തിന് കൈമാറും. കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ഇന്ത്യയിൽനിന്ന് ആദ്യമായാണ് ഒരു അല്മായ മുന്നേറ്റത്തിന് ഈ അംഗീകാരം ലഭിക്കുന്നത്. ഏഷ്യയിൽ രണ്ടാമതും.

*JY 10 /2016* **Family Meet**

കോതമംഗലം സോണിലെ ജീസസ് യൂത്ത് കുടുംബങ്ങൾ 'Koinonia-16' എന്ന പേരിൽ 2016 ഏപ്രിൽ 14-ന് മൂവാറ്റുപുഴ നിർമ്മല കോളേജിൽ രാവിലെ 10 മണിമുതൽ വൈകിട്ട് 3.30 വരെ ഒരുമിച്ചുകൂടി. റവ. ഫാ. ജോസഫ് എഴുമായിൽ, റവ. ഫാ. ബിജു മാരാംകുഴയ്ക്കൽ SVD എന്നിവർ ചേർന്ന് വി. ബലിയർപ്പിച്ചു കുടുംബങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചു. 30 കുടുംബങ്ങൾ പങ്കെടുത്തു.

*JY 11 /2016* **Night Vigil**

ജീസസ് യൂത്ത് കോതമംഗലം സോണൽ നൈറ്റ് വിജിൽ ഏപ്രിൽ മാസം 9-ാം തീയതി 6.00 pm -ന് ആരംഭിച്ച് 10-ാം തീയതി 1.00 am -ന് വി. ബലിയോടുകൂടി അവസാനിച്ചു. അടുത്ത Night Vigil മെയ് 14-ാം തീയതി ആയിരിക്കും.

*Animator*



## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 10 /2016* **ഹോം മിഷൻ**

08-02-2016 മുതൽ 3 ദിവസം വെളിയേൽച്ചാൽ സെന്റ് ജോസഫ് ഇടവകയിലും 11-03-2016, 12-03-2016 ദിവസങ്ങളിൽ കുണിഞ്ഞി സെന്റ് ആന്റണീസ് ഇടവകയിലും ഹോംമിഷൻ നടത്തി.

*FA 11 /2016* **വിവാഹ ഒരുക്ക സെമിനാർ**

| | | | |
|---|---|---|---|
| May | 4 - 6 | - | NESTT |
| " | 18 - 20 | - | NESTT |

*FA 12 /2016* **Marriage Preparation Course in Kerala, May 2016**

| DIOCESE / ARCHDIOCESE | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|
| Alapppuzha | 6-8 | | | |
| Changanachery | | 9-11 | 16-18 | 30-1 |
| Ernakulam (Kaloor) | 2-4 | 9-11 | | 23-25, 24-26 |
| Ernakulam (Kalady) | 3-5 | | 16-18, 17-19 | |
| Idukki | | 9-11 | | 23-25 |
| Irinjalakuda | | 9-11 | 16-18 | 30-1 |
| Kanjirappally | 2-4 | | | 26-28 |
| Kannur | | | | |
| Kochi (Latin) | | 12-15 | | |
| Kollam (Latin) | | 11-13 | 21-23 | |
| Kothamangalam | 4-6 | | 18-20 | |
| Kottappuram (Latin) | 4-6 | | | |
| Kottayam | | 12-14 | | |
| Mananthavady | | | | 22-25 |
| Mavelikkara (Malankara) | | 13-15 | | |
| Neyyattinkara (Latin) | | 11-13 | | |
| Pala | 2-4 | | 16-18 | 30-1 |
| Palakkad | 2-5 | | | |

| | | | | |
|---|---|---|---|---|
| Pathanmthitta | | 13-15 | | |
| Sulthanpett | | | | |
| Thalassery | 2-4 | | 17-19 | 23-25 |
| Thamarassery | | 11-14 | | |
| Thiruvalla | 3-5 | | 17-19 | |
| Thiruvanathapuram (Latin) | 2-4 | | 20-22 | |
| Thiruvanathapuram(Malankara) | | 13-15 | | |
| Thrissur | 4-6 | 11-13 | 18-20 | 25-27 |
| Varappuzha | 6-8 | | 20-22 | |
| Vijayapuram | | 12-15 | | 26-28 |

*Director*

## മാതൃവേദി

*MV.14/2016* **രൂപതാ കമ്മിറ്റി**

മാതൃവേദിയുടെ രൂപതാകമ്മിറ്റി മെയ് 2-ന് രാവിലെ 10 മണിക്ക് നെസ്റ്റിൽ വച്ച് കൂടുന്നു.

*MV.15/2016* **മാതൃവേദിയുടെ വാർഷികാഘോഷം**

2016 മെയ് 14-ന് ശനിയാഴ്ച മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതാണ്. ജൈവകൃഷി പ്രോത്സാഹനത്തിൽ സമ്മാനാർഹരായവർക്കും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച A, B, C ഗ്രൂപ്പുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾക്കുമുള്ള സമ്മാനങ്ങൾ നൽകുന്നതാണ്.

*MV.16/2016* **വിവാഹസഹായങ്ങൾ കിട്ടിയവർ**

**2015 നവംബർ - 2016 മാർച്ച്**

| | | |
|---|---|---|
| 1. | കോട്ടപ്പടി | - 5000/- |
| 2. | പൈങ്ങോട്ടൂർ | - 5000/- |
| 3. | അഞ്ചിരി | - 5000/- |
| 4. | പൈങ്ങോട്ടൂർ | - 5000/- |
| 5. | പുറപ്പുഴ | - 5000/- |
| 6. | ഊന്നുകൽ | - 5000/- |
| 7. | തഴുവംകുന്ന് | - 5000/- |
| 8. | കലയന്താനി | - 5000/- |
| 9. | അഞ്ചിരി | - 10000/- |
| 10. | പുലിയൻപാറ | - 5000/- |
| 11. | മാതിരപ്പിള്ളി | - 5000/- |
| 12. | കല്ലാനിക്കൽ | - 5000/- |
| 13. | കലയന്താനി | - 5000/- |
| 14. | കലൂർ | - 5000/- |
| 15. | നാടുകാണി | - 5000/- |



| | | |
|---|---|---|
| 16. | കോതമംഗലം | - 5000/- |
| 17. | കല്ലൂർക്കാട് | - 5000/- |
| 18. | ചീനിക്കുഴി | - 5000/- |
| 19. | ആരക്കുഴ | - 5000/- |
| 20. | മുതലക്കോടം | - 5000/- |
| 21. | ഉടുമ്പന്നൂർ | - 5000/- |
| 22. | പൈങ്ങോട്ടൂർ | - 5000/- |
| 23. | ഞാറക്കാട് | - 5000/- |
| 24. | ഊന്നുകൽ | - 5000/- |
| 25. | പാറപ്പുഴ | - 5000/- |
| 26. | ചിറ്റൂർ | - 5000/- |
| 27. | ചിലവ് | - 5000/- |
| 28. | കോതമംഗലം | - 5000/- |
| 29. | മാറാടി | - 5000/- |
| 30. | അഞ്ചിരി | - 5000/- |
| 31. | വടകോട് | - 5000/- |
| 32. | പന്നിമറ്റം | - 5000/- |
| 33. | കല്ലാനിക്കൽ | - 5000/- |
| 34. | തഴുവംകുന്ന് | - 5000/- |
| 35. | കല്ലാനിക്കൽ | - 5000/- |
| 36. | വണ്ടമറ്റം | - 5000/- |
| 37. | നെയ്യശ്ശേരി | - 5000/- |
| 38. | ആരക്കുഴ | - 5000/- |
| 39. | നാകപ്പുഴ | - 5000/- |
| 40. | നാകപ്പുഴ | - 5000/- |
| 41. | പാറപ്പുഴ | - 5000/- |

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 8 /2016* **കർഷകവേദി സംയുക്തയോഗം**

കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാ വർക്കിംഗ് കമ്മിറ്റിയുടെയും കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിലുള്ള കർഷകവേദി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും സംയുക്തയോഗം 05-04-2016-ന് തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് പള്ളി ഹാളിൽ ചേർന്നു.

കത്തോലിക്കാ കോൺഗ്രസ് രൂപതാ പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപതാ ഡയറക്ടർ മോൺ. ജോർജ് ഓലിയപ്പുറം അനുഗ്രഹപ്രഭാഷണവും കത്തോലിക്കാ കോൺഗ്രസ് കേന്ദ്ര ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയന്നിലം മുഖ്യപ്രഭാഷണവും നടത്തി.

കർഷക വേദിയുടെ ആഭിമുഖ്യത്തിൽ മുതലക്കോടത്ത് ആരംഭിക്കുന്ന കർഷക ഓപ്പൺ മാർക്കറ്റിന്റെ ഉദ്ഘാടനം 26-04-2016-ന് നടത്താൻ തീരുമാനിച്ചു. ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിക്കുന്നതാണ്.

കോതമംഗലം രൂപതയിൽ ഈ വർഷം അഭിഷിക്തരായ വൈ

ദികർക്ക് കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകാൻ തീരുമാനിച്ചു. അതിന്റെ ക്രമീകരണങ്ങൾ മാറിക ഫൊറോന സമിതിയുടെ നേതൃത്വത്തിൽ നടത്തുവാനും തീരുമാനമായി.

*Director*

## Emmanuel Retreat Centre, Vazhakulam

*ERC 7 /2016* **മെയ് മാസത്തിലെ ശുശ്രൂഷകൾ**

1. ആദ്യവ്യാഴം (05-05-2016)
   "ബഹു. വൈദികരുടെ കൂട്ടായ്മ" - 7.00 pm മുതൽ 9.00 pm വരെ.
2. ആദ്യ ശനി (07-05-2016)
   "എമ്മാനുവേൽ ഏകദിന കൺവെൻഷൻ"- 9.00 am മുതൽ 1.00 pm വരെ. (ജപമാല, വി. കുർബാന, വചനശുശ്രൂഷ, ദൈവകരുണയുടെ നൊവേന, ദിവ്യകാരുണ്യ ആരാധന).
3. 09-05-2016 മുതൽ 11-05-2016 (തിങ്കൾ, ചൊവ്വ, ബുധൻ) തീയതികളിൽ "എമ്മാനുവേൽ ക്രിസ്റ്റീൻ ധ്യാനം" (ആന്തരികസൗഖ്യ ധ്യാനം). 4, 5, 6, 7 ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി. രാവിലെ 9 മണി മുതൽ വൈകുന്നേരം 4.30 വരെ. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്ന 200 കുട്ടികൾക്കുമാത്രം പ്രവേശനം.
4. രണ്ടാം ശനിയാഴ്ച (14-05-2016) "പന്തക്കുസ്താ ദിനാചരണം" 9.00 am മുതൽ - 3.00 pm വരെ.
   ജപമാല, വി. കുർബാന, ദിവ്യകാരുണ്യ ആരാധന, അഭിഷേക പ്രാർത്ഥന.
5. 19-05-2016 മൂന്നാം വ്യാഴം
   "അഖണ്ഡ കരുണക്കൊന്ത", 9.30 am-ന് ആരംഭിച്ച് 5.30 pm-ന് വിശുദ്ധ കുർബാനയോടുകൂടി സമാപിക്കും.
6. 27-05-2016 അവസാനവെള്ളി
   രാത്രി ആരാധന (Night Vigil) വൈകുന്നേരം 4.30 മുതൽ രാത്രി 10 മണിവരെ. കുരിശിന്റെ വഴി, വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, സൗഖ്യപ്രാർത്ഥന, ജപമാല പ്രദക്ഷിണം.
7. 28-05-2016 "അദ്ധ്യയന വർഷാരംഭപ്രാർത്ഥന." പുതിയ അദ്ധ്യയന വർഷത്തിലേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേകശുശ്രൂഷകൾ, ജപമാല, വി. കുർബാന, വചനപ്രഘോഷണം, കൈവയ്പ്പ് ശുശ്രൂഷ.



*ERC 8 /2016* **ക്രിസ്റ്റീൻ ആന്തരികസൗഖ്യധ്യാനം**

ഏപ്രിൽ 12 മുതൽ 15 വരെ തീയതികളിൽ എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് 8 മുതൽ +2 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി "ക്രിസ്റ്റീൻ ആന്തരികസൗഖ്യധ്യാനം" നടത്തി. 350 കുട്ടികൾ പങ്കെടുത്തു. ഡയറക്ടർ ഫാ. ജോർജ് ചേറ്റൂർ നേതൃത്വം നൽകി. ധ്യാനദിവസങ്ങളിൽ രൂപതാവികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം കുട്ടികളെ അഭിസംബോധന ചെയ്ത് സന്ദേശം നൽകി. വാഴക്കുളം ഫൊറോന വികാരി വെരി. റവ. ഫാ. കുര്യാക്കോസ് കൊടകല്ലിൽ, ഫാ. ജോസ് ഏഴാനിക്കാട്ട് CST എന്നിവർ ബലിയർപ്പിച്ച് സന്ദേശം നൽകി. അസി. ഡയറക്ടർ ഫാ. തോമസ് കല്ലറയ്ക്കൽ, ഫാ. റോബിൻ പടിഞ്ഞാറേക്കുറ്റ്, ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത്, ബ്ര. സാവിയോ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG10 /2016* **ഇടുക്കി സബ് റീജിയൻ**

കോതമംഗലം, ഇടുക്കി, കട്ടപ്പന എന്നീ കരിസ്മാറ്റിക് സോണുകൾ ഉൾപ്പെടുന്ന ഇടുക്കി സബ് റിജീയന്റെ സമ്മേളനവും നിയുക്ത KST വൈസ് ചെയർമാൻ ബ്ര. ഷാജി വൈക്കത്തുപറമ്പിലിനുള്ള സ്വീകരണവും ഏപ്രിൽ 25 തിങ്കളാഴ്ച വൈകിട്ട് ചേലച്ചുവടിൽവച്ച് നടന്നു. മുൻ KST ചെയർമാൻമാരായ റവ. ഫാ. ജെയിംസ് കക്കുഴി, റവ. ഫാ. ജോസ് നരിതൂക്കിൽ, ബ്ര. പി.കെ ആന്റണി പനച്ചിത്തറ എന്നിവർ നേതൃത്വം നൽകി.

*PG11 /2016* **തൂവാനീസ മിനിസ്ട്രി**

കരിസ്മാറ്റിക് നവീകരണ രംഗത്ത് സ്ത്രീകളുടെ ശാക്തീകരണത്തിനായി പ്രവർത്തിക്കുന്ന തൂവാനീസ മിനിസ്ട്രിയുടെ കോതമംഗലം സോണൽ പ്രവർത്തകരുടെ സമ്മേളനം വാഴക്കുളം എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് ഏപ്രിൽ 27-ന് രാവിലെ 9.00 മുതൽ 1.00 മണി വരെ നടന്നു. KST ചെയർമാൻ റവ. ഫാ. വർഗീസ് മുണ്ടയ്ക്കൽ, സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് ചേറ്റൂർ, സോണൽ കോ-

ഓർഡിനേറ്റർ സോജൻ കെ. പോൾ, തൂവാനീസ മിനിസ്ട്രി കോതമംഗലം സോണൽ കോ-ഓർഡിനേറ്റർ ഡാലിയ മാത്യു പാലയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

*PG12 /2016* **പന്തക്കുസ്താ ദിനാചരണം**

മെയ് 14 ശനിയാഴ്ച വാഴക്കുളം എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് രാവിലെ 09.00 മുതൽ ഉച്ചകഴിഞ്ഞ് 3.00 മണിവരെ കോതമംഗലം കരിസ്മാറ്റിക് സോണിന്റെ നേതൃത്വത്തിൽ പന്തക്കുസ്താദിനാചരണം നടത്തുന്നു. 10.00 മണിക്കുള്ള വി. കുർബാനയ്ക്കുശേഷം റവ. ഫാ. അഗസ്റ്റിൻ പടിഞ്ഞാറേക്കുറ്റിന്റെ വചനപ്രഘോഷണവും ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 3.00 മണി വരെ റവ. ഫാ. ജോർജ് ചേറ്റൂരിന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയും ഉണ്ടായിരിക്കും.

*Director*

## സിംഗിൾസ് അപ്പോസ്റ്റലേറ്റ്

*SA 3 /2016* **ഏകസ്ഥ കൂട്ടായ്മ**

2016 മെയ് 16-ാം തീയതി മരിയൻ സിംഗിൾസ് കൂട്ടായ്മ രാവിലെ 10 മണിക്ക് നെസ്റ്റിൽ വച്ച് കൂടുന്നു.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 19/2016* **തീർത്ഥാടനം**

2016 ഏപ്രിൽ 11-ന് തൃശൂർ അതിരൂപതയിലെ പാവറട്ടി, തലോർ, പാലയൂർ, ഒല്ലൂർ തുടങ്ങിയ തീർത്ഥാടനകേന്ദ്രങ്ങളിലേക്ക് കോടിക്കുളം ഭ്രാതൃത്വം വികാരി റവ. ഫാ. ഫ്രാൻസീസ് കാരികുന്നേൽ, അസ്തേന്തി റവ. ഫാ. തോമസ് വിലങ്ങുപാറയിൽ എന്നിവരുടെ ആത്മീയ നേതൃത്വത്തിൽ തീർത്ഥാടനം നടത്തി.

*SFO 20/2016* **രാത്രി ആരാധന**

2016 ഏപ്രിൽ1 ആദ്യവെള്ളിയാഴ്ച തൊടുപുഴ സേവ്യർ ഹോമിൽ വച്ചു നടന്ന ഫ്രാൻസിസ്കൻ യുവജനങ്ങളുടെ രാത്രി ആരാധന



ദൈവാനുഭവം നിറഞ്ഞതായിരുന്നു. എല്ലാ മാസവും ആദ്യവെള്ളി, ശനി ദിവസങ്ങൾ ഉൾപ്പെടുത്തി രാത്രി ആരാധന തുടരുവാൻ തീരുമാന മെടുത്തു.

*SFO 21/2016* **ഏകദിനധ്യാനം**

2016 മെയ് 26 വിശുദ്ധ കുർബാനയുടെ തിരുനാൾ ദിനത്തിൽ തൊടുപുഴ സേവ്യർ ഹോമിൽ വച്ച് അല്മായ ഫ്രാൻസിസ്കൻ സഹോദരങ്ങൾക്കുവേണ്ടി ഒരു ഏകദിനധ്യാനം നടത്തുവാൻ തീരുമാനിച്ചു. തുടർന്നുള്ള മാസങ്ങളിൽ അത് പൊതുജനങ്ങൾക്കുവേണ്ടി നടത്തുന്നതിനായും തീരുമാനമെടുത്തു.

*SFO 22/2016* **പ്രതിജ്ഞാപനം**

പ്രാഥമിക പരിശീലന കാലഘട്ടം പൂർത്തിയാക്കിയ നെല്ലിമറ്റം ഭ്രാതൃത്വത്തിലെ സഹോദരങ്ങൾ 2016 ഏപ്രിൽ 27-ന് പ്രതിജ്ഞാപനം നടത്തുന്നതിന് തീരുമാനമെടുത്തു.

*SFO 23/2016* **സന്ദർശനം**

അല്മായ ഫ്രാൻസിസ്കൻ സഭയുടെ രൂപതാപ്രതിനിധികൾ ഈസ്റ്റ് വാഴപ്പിള്ളി, വാഴക്കുളം, വണ്ടമറ്റം ഭ്രാതൃത്വങ്ങളിൽ സന്ദർശനം പൂർത്തിയാക്കി.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 4 /2016* **ജീവകാരുണ്യ പ്രവർത്തനങ്ങളും വാർഷികവും**

മാറിക ശാഖയുടെ 60-ാം വാർഷികവും കാരുണ്യവർഷത്തിലെ പ്രത്യേക ജീവകാരുണ്യപ്രവർത്തനങ്ങളും സംയുക്തമായി നടത്തി. പിന്നോക്കവിഭാഗങ്ങളിലെ യുവതികൾക്ക് വിവാഹം, കുട്ടികൾക്ക് വിദ്യാഭ്യാസം, രോഗികൾക്ക് ചികിത്സ, ഭവനനിർമ്മാണം, കട്ടിലുകളുടെ സൗജന്യവിതരണം തുടങ്ങിയ വിവിധ മേഖലകളിൽ ആറു ലക്ഷത്തിൽപ്പരം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പാക്കി.

മാറിക സെന്റ് ജോസഫ് പാരീഷ് ഹാളിൽ നടന്ന വാർഷിക സമ്മേളനം കോതമംഗലം രൂപതാവികാരി ജനറാൾ റവ. ഡോ. ജോർജ് ഓലിയപ്പുറം ഉദ്ഘാടനം ചെയ്തു. സംഘടനയുടെ ദേശീയ ഉപദേ

ഷ്ടാവ് റവ. ഡോ. സ്റ്റാൻലി കുന്നേൽ മുഖ്യപ്രഭാഷണം നടത്തി.

മാറിക ശാഖയിൽ 60 വർഷക്കാലം തുടർച്ചയായി പ്രവർത്തിച്ച് ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്ന ശ്രീ. ഫിലിപ്പ് മുണ്ടുപാലത്തിങ്കൽ, ശ്രീ. ജോസ് വടക്കേടത്ത് എന്നിവരെ യോഗത്തിൽ ആദരിച്ചു.

*SV 5 /2016* **ആദിവാസി കോളനി സന്ദർനം**

കോതമംഗലം സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഉറിയംപെട്ടി മുതുവാൻ ആദിവാസികുടിയിൽ സന്ദർശനം നടത്തി. പൂയംകുട്ടിയിൽ നിന്നും 20 കിലോമീറ്റർ അകലെ ഉൾവനത്തിൽ സ്ഥിതിചെയ്യുന്ന ആദിവാസിക്കുടിയിൽ താമസിക്കുന്ന 72 കുടുംബങ്ങൾക്കും 700 രൂപ വില വരുന്ന കിറ്റുകൾ വിതരണം ചെയ്തു. ആദിവാസികുടികളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവരുമായി ആശയവിനിമയം നടത്തുന്നതിനും സന്ദർശനം ഉപകരിച്ചു.

*SV 6 /2016* **ഭവനനിർമ്മാണം**

പെരിങ്ങഴ സെന്റ് ജോസഫ് കോൺഫറൻസിന്റെ നേതൃത്വത്തിൽ നിർമ്മിക്കുന്ന ഏഴ് കാരുണ്യഭവനങ്ങളുടെ ശിലാ ആശീർവ്വാദവും ആധാരകൈമാറ്റവും 2016 മാർച്ച് 19-ാം തീയതി ശനിയാഴ്ച വൈകിട്ട് 6.30-ന് കോതമംഗലം രൂപാതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിച്ചു. സെന്റ് ജോസഫ്സ് കോൺഫറൻസ് നാലും മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂൾ രണ്ടും മൂവാറ്റുപുഴ നിർമ്മല ഫാർമസി കോളേജ് ഒന്നും കാരുണ്യഭവനങ്ങൾ പണിയുന്നതിനുള്ള സ്ഥലമാണ് സംയുക്തമായി വാങ്ങി ഗുണഭോക്താക്കളുടെ പേരിൽ ആധാരം ചെയ്ത് കരമടച്ച രസീത് സഹിതം ഉടമസ്ഥർക്ക് കൈമാറിയത്.

*Animator*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| May | 4 - 6 | - വിവാഹഒരുക്കസെമിനാർ |
| " | 7 - 9 | - വളർച്ചാധ്യാനം |



| | | |
|---|---|---|
| May | 10 - | മാതൃവേദി വാർഷികം |
| " | 11 - 12 | - KCBC Special School Meet |
| " | 13 - 14 | - Nirmala Public School Camp |
| " | 13 - 15 | - DCMS Camp |
| " | 18 - 20 | - വിവാഹഒരുക്ക സെമിനാർ |
| " | 21 - 22 | - Special School Teachers' Meeting |
| " | 23 - 26 | - Nirmala Public School Muvattupuzha |
| " | 27 - 30 | - KCYM ധ്യാനം |

*Director*

## വാർത്തയും വിശേഷങ്ങളും

### ഇറ്റാലിയൻ ഭാഷ പഠിക്കാൻ സുവർണ്ണാവസരം

എറണാകുളം -അങ്കമാലി രൂപതയുടെ കീഴിലുള്ള നൈപുണ്യ ഇന്റർനാഷണൽ അക്കാദമിയിൽ ഇറ്റാലിയൻ കോഴ്സുകൾ ആരംഭിക്കുന്നു. $A_1$, $A_2$ ലെവലുകളിലുള്ള കോഴ്സുകളാണ് ആരംഭിക്കുന്നത്. പ്രവേശനം ഇറ്റലിയിൽ ഉപരിപഠനം നടത്തുവാൻ ആഗ്രഹിക്കുന്ന വൈദികർക്കും സിസ്റ്റേഴ്സിനും ബ്രദേഴ്സിനും മാത്രം.

- ★ ക്ലാസ്സുകൾ 2016 ജൂൺ 1 മുതൽ 30 വരെ
- ★ ആവശ്യമുള്ളവർക്ക് ഹോസ്റ്റൽ സൗകര്യവും ഭക്ഷണവും നല്കുന്നതാണ്.
- ★ രജിസ്ട്രേഷൻ നടത്തുവാൻ താഴെപറയുന്ന നമ്പറിൽ വിളിക്കുക. 0091 9544918133
- ★ കൂടുതൽ വിവരങ്ങൾക്ക് : നൈപുണ്യ അക്കാദമി. ഫോൺ: 0484 2534849, 0091 9544919144

**സഭാപിതാക്കന്മാരുടെ സുവിശേഷഭാഗ്യം**
**വി. ലൂക്കാ അറിയിച്ച സുവിശേഷം**
**എഡിറ്റർ : ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**

### കരുണയുടെ സുവിശേഷം

കരുണയുടെ ഈ വർഷത്തിൽ 'കാരുണ്യത്തിന്റെ സുവിശേഷം'

എന്നറിയപ്പെടുന്ന വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിനു സഭാപിതാക്കന്മാർ നല്കിയ വ്യാഖ്യാനം ഇദംപ്രഥമമായി മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുന്നു.

2003-ൽ Ancient Christian Commentary on Scripture എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട സമാഹാരത്തെ ആധാരമാക്കിയാണ് Inter Varsity Press ന്റെ അനുമതിയോടുകൂടി ഈ പരിഭാഷ നിർവഹിക്കുന്നത്. ആ ഗ്രന്ഥത്തിലില്ലാത്ത സുറിയാനി സഭാപിതാക്കന്മാരുടെ വ്യാഖ്യാനങ്ങൾ കൂടി ഇതിൽ ചേർത്തിട്ടുണ്ട് എന്നതാണ് ശ്രദ്ധേയമായ സവിശേഷത.

2016 ജൂൺ മാസത്തിൽ പുറത്തിറങ്ങുന്ന 500 ലേറെ പേജുകളുള്ള (C/W 1/4 size) ഈ അമൂല്യ ഗ്രന്ഥത്തിന്റെ മുഖവില 600 രൂപ. മെയ് 31-ന് മുമ്പ് പണമടയ്ക്കുന്നവർക്ക് 400 രൂപ മാത്രം.

വരും വർഷങ്ങളിൽ പുറത്തിറങ്ങുന്ന (ഒരു വർഷം ഒരു വാല്യം) മറ്റു മൂന്നു വാല്യങ്ങളും മുൻകൂട്ടി ഓർഡർ ചെയ്യാവുന്നതാണ്. നാലു വാല്യങ്ങൾക്കും കൂടി 2000 രൂപ. കൂടുതൽ വിവരങ്ങൾക്ക്:

OIRSI പബ്ലിക്കേഷൻസ്,
സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി,
വടവാതൂർ, പി.ഒ. കോട്ടയം 686 010,
Email: oirsibooksvdr@gmail.com,
Ph. 0481 2577053, 9447112104

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**മാർച്ച്**

14 • മൂവാറ്റുപുഴ എസ്.എച്ച്. ജ്യോതി ആർട്സിൽ (SAFE) സോഷ്യൽ സർവീസ് പ്രോജക്ടുകളുടെ ഉദ്ഘാടനം നിർവഹിച്ചു.

17 • കത്തീഡ്രലിൽ നാല്പതുമണി ആരാധനയുടെ സമാപനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ജീവ സ്കോളർഷിപ്പിന്റെ വിതരണം നിർവ്വഹിച്ചു.

18 • കോതമംഗലം രൂപതാ വൈദികനും ചിറ്റൂർ ഇടവകാംഗവുമായ മോൺ. പാലമറ്റം മാത്യു അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ചിറ്റൂർ സെന്റ് ജോർജ് ദൈവലായത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.



19 • മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ, കോതമംഗലം രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയിൽനിന്നും വിരമിക്കുന്ന അദ്ധ്യാപകരുടെ യാത്രയയപ്പു സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

• മൂവാറ്റുപുഴ നിർമ്മല MCA കോളേജിന്റെ ആർട്സ് ഡേയുടെ സമാപന സമ്മേളനത്തിന് ആദ്ധ്യക്ഷ്യം വഹിച്ചു.

• മൈലക്കൊമ്പ് എസ്. എച്ച്. കോൺവെന്റിൽ സി. ജോർജിയ നെടുംമരുതുംചാലിന്റെ സംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• പെരിങ്ങഴ സെന്റ് ജോസഫ് ഇടവകയിൽ വിൻസെന്റ് ഡി പോൾ കോൺഫ്രൻസും നിർമ്മല പബ്ലിക് സ്കൂളും നിർമ്മല ഫാർമസി കോളേജും ചേർന്ന് നിർമ്മിച്ചു നൽകുന്ന ഏഴു വീടുകളുടെ ശിലാവെഞ്ചരിപ്പ് നിർവ്വഹിച്ചു.

20 • കുട്ടമ്പുഴ സെന്റ് മേരീസ് ഇടവകയിൽ ഓശാന ഞായർ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• രൂപതയിൽ റീജൻസി ചെയ്യുന്ന ബ്രദേഴ്സിന് മാസധ്യാനം നടത്തി.

21 • വാഴക്കുളം താണിക്കൽ ഐപ്പ് ഉലഹന്നാന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 • ന്യൂമാൻ കോളേജിൽ നടന്ന സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

24 • കത്തീഡ്രലിൽ വി. മൂറോൻ കൂദാശയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• പെസഹാവ്യാഴത്തിന്റെ കാൽകഴുകൽ കർമ്മത്തിനും വി. കുർബാനയ്ക്കും കത്തീഡ്രലിൽ മുഖ്യകാർമ്മികത്വം വഹിച്ചു. കരുണയുടെ വർഷത്തിൽ രൂപതയിലെ വിവിധ കാരുണ്യപ്രവർത്തനങ്ങൾ നടത്തുന്ന 12 അല്മായ സഹോദരങ്ങളുടെ കാലുകളാണ് കഴുകിയത്.

25 • ദുഃഖവെള്ളി തിരുക്കർമ്മങ്ങൾക്ക് കലൂർ സെന്റ് ജോൺസ് ഇടവകയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• കത്തീഡ്രലിൽ നടത്തിയ പരിഹാരപ്രദക്ഷിണത്തിൽ പങ്കുചേർന്നു.

26 • ദുഃഖശനിയാഴ്ച തിരുക്കർമ്മങ്ങൾക്ക് കടവൂർ സെന്റ് ജോർജ് ഇടവകയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• മുതലക്കോടം പ്ലാക്കൽപുത്തൻപുര മത്തായി ഉലഹന്നന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

27 • ഉയിർപ്പുഞായർ തിരുക്കർമ്മങ്ങൾക്ക് നെല്ലിക്കുഴി, സെന്റ് ജോസഫ് ഇടവകയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

29 • കോതമംഗലം സെന്റ് ജോർജ് കത്തീഡ്രൽ ഇടവകാംഗം പിട്ടാപ്പിള്ളിൽ ജീസൺ-ലിസ്സാ ദമ്പതിമാരുടെ നാലാമത്തെ കുട്ടി അൽ ഫോൻസയുടെ (ആഗ്നസ്) മാമ്മോദീസ, സ്ഥൈര്യലേപന കൂദാശകളുടെ പരികർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• 2016-2017 മൈനർ സെമിനാരി പ്രവേശനത്തിനുള്ള ദൈവവിളി ക്യാമ്പിന്റെ ഇന്റർവ്യൂ ബോർഡിന് നേതൃത്വം നൽകി.

30 • ആരക്കുഴ ഫൊറോന ഇടവക കൊച്ചുപാലിയത്തിൽ ജോർജ്-അൽഫോൻസ ദമ്പതിമാരുടെ വിവാഹം ആശീർവദിച്ചു.

• കോതമംഗലം കത്തീഡ്രൽ ഇടവക മലയിൻകീഴ് മുക്കത്ത് ഐസക്കിന്റെ സംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• മൂവാറ്റുപുഴ നിർമ്മല, തൊടുപുഴ ന്യൂമാൻ കോളേജുകളിൽ സർവീസിൽനിന്നും വിരമിക്കുന്ന ബഹു. അദ്ധ്യാപകരുടെ യോഗത്തിൽ ബിഷപ്പ്സ് ഹൗസിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

• രാമല്ലൂർ CSN പ്രൊവിൻഷ്യൽ ഹൗസിൽ സി. പെട്രീന CSN (പിണക്കാട്ട്)-ന്റെ സംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

31 • കോതമംഗലം കത്തീഡ്രൽ ഇടവക കാച്ചപ്പിള്ളി ഔസേപ്പ് (ഏജീസ്) ന്റെയും പാലാ, പാളയം, നാരകത്തിങ്കൽ ഏലി (ദർശന) യുടെയും മനഃസമ്മതം മരങ്ങാട്ടുപിള്ളി പള്ളിയിൽ വച്ചു നടത്തി.

• മാറിക ഇടവക മീനംകുന്നേൽ എ. റ്റി. ജോസഫിന്റെ സംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• നാകപ്പുഴ സെന്റ് മേരീസ് പബ്ലിക് സ്കൂളിലെ പുതിയ ബ്ലോക്കിന്റെ വെഞ്ചരിപ്പു നടത്തുകയും സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.



**ഏപ്രിൽ**

1 • മൂവാറ്റുപുഴ നിർമ്മല നേഴ്സിംഗ് കോളേജിലെ പ്രഥമ BSc ബാച്ചിന്റെ ഗ്രാജുവേഷൻ സെറിമണി നടത്തുകയും യോഗം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുകയും ചെയ്തു.

• ആരക്കുഴ മലേക്കുരിശ് തീർത്ഥാടന കേന്ദ്രത്തിൽ നിർമ്മാണം പൂർത്തിയായ മഹിമയുടെ രഹസ്യങ്ങളുടെ ജപമാലവഴി വെഞ്ചരിക്കുകയും വി. ബലിയർപ്പിക്കുകയും ചെയ്തു.

2 • ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴ മുൻസിപ്പൽ സ്റ്റേഡിയത്തിൽ ആരംഭിച്ച കാർഷിക മേള 2016 ഉദ്ഘാടനം ചെയ്തു.

3 • തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായ മെത്രാൻ മോൺ. ക്രിസ്തുദാസിന്റെ മെത്രാഭിഷേക ചടങ്ങിൽ പങ്കെടുത്തു.

5 • കോതമംഗലം, കോഴിപ്പിള്ളി അമ്പലപ്പറമ്പിൽ വർക്കി (പാപ്പച്ചൻ) ആന്റണിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

5-6 • കോട്ടയം അതിരൂപത മെത്രാസന മന്ദിരത്തിൽ നടന്ന മദ്ധ്യമേഖല മെത്രാന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

• കരിമണ്ണൂർ ഇടവക പനച്ചിക്കൽ കെ. ഒ. തോമസിന്റെ സംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• പെരുമ്പാവൂർ ലത്തീൻ പള്ളി വികാരി ഫാ. അഗസ്റ്റിൻ വൈരമണ്ണിന്റെയും സൺഡേ സ്കൂൾ വിദ്യാർത്ഥി ജോയൽ ജോസിന്റെയും മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

7 • വണ്ണപ്പുറം ഇടവക പരയ്ക്കനാൽ സന്തോഷ്-ഷൈനി ദമ്പതിമാരുടെ 4-ാമത്തെ കുട്ടി എലിസബത്തിന്റെ പ്രവേശക കൂദാശാകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

8 • തൊടുപുഴ SABS പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സുപ്പീരിയേഴ്സ് മീറ്റിംഗിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

10 • പൈങ്ങോട്ടൂർ ഇടവകയിൽ ബഹു. ഫ്രാൻസിസ് പിട്ടാപ്പിള്ളി അച്ചന്റെ പിതാവ് പീറ്റർ പോളിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവലായത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• മാറിക ആരാധനാമഠത്തിൽ സി. തെയോഫിന്റെ (ചെമ്പരത്തി കളപ്പുര, മുതലക്കോടം) മൃതസംസ്കാരത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

11 • കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ കാച്ചപ്പിള്ളി ഔസേപ്പ് (ഏജീസ്) ഏലി (ദർശന) ദമ്പതിമാരുടെ വിവാഹം ആശീർവദിച്ചു.

• പൈങ്ങോട്ടൂർ ഇടവക കൊച്ചുപുരയ്ക്കൽ സെബാസ്റ്റ്യൻ ഫിലിപ്പിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

12 • കോഴിപ്പിള്ളി, എസ്. എച്ച്. നൊവിഷ്യേറ്റ് ഹൗസിൽ വി. ബലിയർപ്പിച്ചു.

• പ്രിസ്ബിറ്ററൽ കൗൺസിൽ, ബിഷപ്പ്സ് ഹൗസ്

• നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ മിഷൻലീഗ് അംഗങ്ങളായ HS, HSS വിദ്യാർത്ഥികൾക്കായി നടത്തിയ ക്രിസ്റ്റീൻ ധ്യാനത്തിൽ കുട്ടികൾക്കായി ക്ലാസ്സെടുത്തു.

13 • മുളപ്പുറം സെന്റ് ജൂഡ് ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവഹിച്ചു.

14 • ദിവ്യകാരുണ്യ ആരാധനാ സന്യാസിനീസമൂഹത്തിലെ അർത്ഥിനികളുടെ സഭാവസ്ത്രസ്വീകരണത്തിനും പ്രഥമ വ്രതവാഗ്ദാനത്തിനും തൊടുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• രൂപതയിലെ യുവദീപ്തി-കെസി.വൈ.എം.സംഘടനയുടെ രജത ജൂബിലി (1991-2016) ആഘോഷത്തിന്റെ സമാപനമായി തൊടുപുഴ ടൗണിൽ നടന്ന യുവജനറാലിയെയും സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ നടന്ന ജൂബിലി മഹാസമ്മേളനത്തെയും അഭിസംബോധന ചെയ്ത് സംസാരിച്ചു.

## Bishop's Engagements

**MAY 2016**

| | | | | |
|---|---|---|---|---|
| 2 | Mon | Vestition SH | Cathedral | 10.00 am |
| 3 | Tue | Vestition CMC | Cathedral | 10.00 am |
| 4 | Wed | Holy Qurbana | FCC Karukadam | 6.15 am |
| | | Meeting Major Seminarians | Bishop's House | 9.00 am |
| 5-7 | Thu-Sat | Engaged | | |
| 8 | Sun | Meeting | | |
| 9 | Mon | Baptism | Kodikulam | 9.00 am |
| | | Family Apostolate Meeting | NESTT | 11.00 am |
| 10 | Tue | Consecration | Parisakallu Church | 2.30 pm |



| | | | | |
|---|---|---|---|---|
| 11 | Wed | Vestition & Minor Orders | Cathedral | 9.00 am |
| 12 | Thu | Jubilee | Neyyassery | 10.00 am |
| | | Holy Qurbana | Vazhathope | 4.00 pm |
| 14 | Sat | Mathruvedi Annual Meeting | Nirmala Public School | 11.00 am |
| 17 | Tue | Jubilee | Pooyamkutty Convent | 10.00 am |
| 18 | Wed | Meeting | Minor Seminary | 10.30 am |
| 26 | Thu | School Blessing | Cheppukulam | 3.30 pm |
| 28 | Sat | Final Profession | MSJ Generalate | 10.30 am |
| | | Inauguration of Civil Service Counselling | Nirmala HSS | 2.00 pm |
| 29 | Sun | Meeting Vincent De Paul | St. Augustine's Muvattupuzha | 2.30 pm |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. കുര്യാക്കോസ് വട്ടക്കുന്നുംപുറം | ചരമദിനം | 07-06-1975 |
| ഫാ. ജോൺ കൊച്ചുമുട്ടം | ” | 11-06-1973 |
| ഫാ. ജോർജ് പടിഞ്ഞാറേക്കൂറ്റ് (Sr.) | ” | 14-06-1966 |
| ഫാ. ജോർജ് നമ്പ്യാപറമ്പിൽ | ” | 25-06-1995 |
| ഫാ. മാത്യു മൂഞ്ഞനാട്ട് | ” | 26-06-2014 |
| ഫാ. ജോർജ് പടിഞ്ഞാറയിൽ | ” | 28-06-2004 |

## നിര്യാതരായി

### റവ. ഫാ. സെബാസ്റ്റ്യൻ കല്ലുങ്കൽ



ഇടവക : നെടുങ്ങപ്ര
ജനനം : 25-12-1936
തിരുപ്പട്ടം : 11-03-1962
മരണം : 15-04-2016
മൃതസംസ്കാരം : 18-04-2016

**സേവനരംഗങ്ങൾ**

അസ്തേന്തി - കത്തീഡ്രൽ, അംബികാപുരം


വികാരി - പാറത്തോട്, പണിക്കൻകുടി, പെരുമ്പല്ലൂർ, ഉപ്പുതോട്, രാജമുടി, പൊയ്ക, നേര്യമംഗലം, വാഴത്തോപ്പ്, കല്ലൂർ, പൈങ്ങോട്ടൂർ, അരിക്കുഴ, ആലക്കോട്

വികാരി ഇൻ ചാർജ് - കീരംപാറ, ഇടമലയാർ

മറ്റു സേവനരംഗങ്ങൾ - റെക്ടർ-മൈനർ സെമിനാരി; ഡയറക്ടർ-സോ

ഷ്യൽ സർവ്വീസ്, കെ.ഡി.എസ്., ലേബർ അപ്പോസ്റ്റലേറ്റ്.

## റവ. ഫാ. ജോസഫ് കാവുംപുറം



ഇടവക : കാരക്കുന്നം
ജനനം : 14-10-1937
തിരുപ്പട്ടം : 01-12-1964
മരണം : 20-04-2016
മൃതസംസ്കാരം : 22-04- 2016

**സേവനരംഗങ്ങൾ**

അസ്തേന്തി - ആരക്കുഴ, പെരുമ്പല്ലൂർ
വികാരി - ഇഞ്ചൂർ, ചെപ്പുകുളം, തെന്നത്തൂർ, മീങ്കുന്നം, എഴുകുംവയൽ, നെടുങ്ങപ്ര, അരിക്കുഴ, കദളിക്കാട്, ആയിരമേക്കർ, കൂമ്പൻപാറ, പരീക്കണ്ണി, വെളിയേൽച്ചാൽ, കല്ലൂർ, കാവക്കാട്
വികാരി ഇൻ ചാർജ് - കുത്തുങ്കൽ
മറ്റു സേവനരംഗങ്ങൾ - ഡയറക്ടർ-സൊഡാലിറ്റി, ഹരിജൻ കത്തോലിക്കാ മഹാജനസഭ, ഐ.റ്റി. സി. ആയിരമേക്കർ; മാനേജർ-പരീക്കണ്ണി എസ്റ്റേറ്റ്

## റവ. ഫാ. മാത്യു വലിയമറ്റം



ഇടവക : മാറാടി
ജനനം : 26-08-1937
തിരുപ്പട്ടം : 10-03-1963
മരണം : 25-04-2016
മൃതസംസ്കാരം : 27-04- 2016

**സേവനരംഗങ്ങൾ**

അസ്തേന്തി - വാഴക്കുളം
വികാരി - ആയിരമേക്കർ, കല്ലാർകുട്ടി, നാകപ്പുഴ, നെല്ലിമറ്റം, കല്ലൂർ, പൈങ്ങോട്ടൂർ, ആയവന, ആനിക്കാട്, പെരിങ്ങഴ
മറ്റു സേവനരംഗങ്ങൾ - രൂപത ചാൻസിലർ, മതബോധന ഡയറക്ടർ,



സീറോ മലബാർ സിഎൽസി മെമ്പർ, ലിറ്റർജിക്കൽ കമ്മിറ്റി സെക്രട്ടറി, ലിറ്റർജിക്കൽ അപ്പോസ്റ്റലേറ്റ് ഡയറക്ടർ, എപ്പാർക്കിയൽ ജഡ്ജി, അഡ്ജുട്ടന്റ് ജൂഡീഷ്യൽ വികാരി, ജൂഡീഷ്യൽ വികാരി

## റവ. സി. ഫിർമിൻ CMC (താണിയ്ക്കൽ)

ഇടവക : കദളിക്കാട്
ജനനം : 31-07-1933
ആദ്യവ്രതം : 01-05-1957
നിത്യവ്രതം : 29-05-1960
മരണം : 05-04-2016
മൃതസംസ്കാരം : 06-04-2016 (വാഴക്കുളം)

## റവ. സി. തെയോഫിൻ SABS (ചെമ്പരത്തി കളപ്പുരയിൽ)

ഇടവക : മുതലക്കോടം
ജനനം : 05-07-1921
ആദ്യവ്രതം : 20-05-1952
നിത്യവ്രതം : 05-04-1958
മരണം : 09-04-2016
മൃതസംസ്കാരം : 10-04-2016 (മാറിക)

## റവ. സി. മാഗി മാർഗരറ്റ് (പനച്ചിക്കൽ) SH

ഇടവക : പൂവക്കുളം
ജനനം : 15-05-1972
ആദ്യവ്രതം : 31-10-1992
നിത്യവ്രതം : 30-10-1997
മരണം : 20-04-2016
മൃതസംസ്കാരം : 22-04-2016 (മൈലക്കൊമ്പ്)